കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# www.lfa.kerala.gov.in

## ചെറിയനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി5-1243/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

തീയതി:09.11.2016

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെറിയനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: ചെറിയനാട് ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി5-1243/16 തീയ്യതി:09.11.2016

**ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.01.2016 മുതൽ 30.09.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 17.10.16 മുതൽ 27.10.16 വരെ | ശ്രീ.വി.കെ.രഞ്ജീവ്, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.മായാദേവി.സി.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ദീപാ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സുഷ.റ്റി.പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി.വിലാസിനി കരുണാകരൻ | 01.04.2015 മുതൽ 30.09.2015 വരെ |
| 2. | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.2015 മുതൽ 31.11.15 വരെ |
| 2. | ശ്രീമതി.കെ.കെ.രാധമ്മ | 01.12.2015 മുതൽ 31.03.2016 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1. | ശ്രീ.അനു സചേതനൻ.വി.എസ് | 01.04.2015 മുതൽ 23.07.2015 വരെ |
| 2. | ശ്രീമതി.കനകമ്മ .ഡി | 23.07.2015 മുതൽ 14.12.2015 വരെ |
| 3. | ശ്രീമതി. ജയലത. വി (സെക്രട്ടറി-ഇൻ ചാർജ് ) | 15.12.2015 മുതൽ 14.01.2016വരെ |
| 4. | ശ്രീ.ബിജുകുമാർ.ആർ | 15.01.2016 മുതൽ 31.03.2016 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ദീപാ രാജ് .എം.എൽ | 01.04.2015മുതൽ 31.03.2016വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ചിത്ര.പി.അരുണിമ | 1.4.2015 മുതൽ 23.12.2015വരെ |
| | | ഡോ. ഹരി കുമാർ | 24.12.2015 മുതൽ 17.2.2016വരെ |
| | | അനന്ദലക്ഷ്മി.സി | 18.2.2016മുതൽ 31.03.2016 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുജാത.സി.എസ് | 01.04.2015 മുതൽ 15.10.2015 വരെ |
| | | ശ്രീമതി.ആനന്ദ ലക്ഷ്മി | 16.10.2015 മുതൽ 31.03.2016 വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.അജീഷ് രാജ്.ആർ | 01.04.2015 മുതൽ 31.03.2016 വരെ |

| | | | |
|---|---|---|---|
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബിന്ദു .എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജോർജ് കുര്യൻ | 01.04.2015 മുതൽ 31.03.2016 വരെ |
| 7 | ക്ഷീര വികസന ഓഫീസർ | ശ്രീമതി.ബിന്ദു ദേവി | 01.04.2015 മുതൽ 31.03.2016 വരെ |
| 8 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്. | ശ്രീമതി. സുജാത | 01.04.2015 മുതൽ 31.03.2016 വരെ |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ശ്രീദേവിയമ്മ.കെ | 01.04.2015 മുതൽ 19.08.2015 വരെ |
| | | ശ്രീമതി.ജയലത .വി | 20.08.2015 മുതൽ 31.03.2016 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.വാവക്കുട്ടൻ.കെ.എസ് | 01.04.2015 മുതൽ 25.07.2015 വരെ |
| | | ശ്രീ.സനൽ ചന്ദ്ര ബാബു | 26.07.2015 മുതൽ 31.03.2016 വരെ |
| 11 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.അഭിലാഷ് | 01.04.2015 മുതൽ 22.05.2015 വരെ |
| | | ശ്രീമതി.ലിജിയ രാജു | 23.05.2015 മുതൽ 15.07.2015 വരെ |
| | | ശ്രീമതി.എൻ.ആനന്ദവല്ലി | 16.07.2015 മുതൽ 11.09.2015 വരെ |
| | | ശ്രീമതി.ലിജിയ രാജു | 12.09.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| | | |
|---|---|---|
| 1 | 1-1to1-11 | പൊതു അവലോകനം |
| 2 | 2-1 | തനതു ഫണ്ടിന് രണ്ട് അക്കൗണ്ടുകൾ |
| 3 | 2-2 | കെട്ടിടനികുതി കുടിശ്ശിക, 3 ലക്ഷം രൂപയോളം-പിരിവ് ഊർജ്ജിതമാക്കണം |
| 4 | 2-3 | തൊഴിൽ നികുതി ഈടാക്കിട്ടില്ല |
| 5 | 2-4 | വാടക ഒടുക്കിയിട്ടില്ല |
| 6 | 2-5 | കടമുറികൾ/മേലാദായം - 2015-16 ൽ ലേലം കൊണ്ടിട്ടില്ലാത്തതു മൂലം വരുമാന നഷ്ടം |
| 7 | 3-1 | അറവുശാല ഫയലിൽ, ലക്ഷങ്ങളുടെ ബാധ്യത പഞ്ചായത്തിന് |
| 8 | 3-2 | നിഷ്ക്രിയാസ്തികൾ കുന്നുകൂടുന്നു, ലക്ഷങ്ങൾ പാഴായി |
| 9 | 3-3 | പദ്ധതി ആനുകൂല്യവിതരണത്തിനുള്ള തുക-മുൻകൂറായി പിൻവലിച്ച് മാസങ്ങളായി കൈവശം സൂക്ഷിച്ചിരിക്കുന്നു. |
| 10 | 3-4 | ഭവനപുനരുദ്ധാരണം -- മൂല്യനിർണ്ണയത്തിൽ അധികരിച്ച് ധനസഹായം നൽകി, കാലപ്പഴക്കം ഇല്ലാത്ത വീടിന് ധനസഹായം നൽകി |
| 11 | 3-5 | തെരുവ് വിളക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങലും തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കലും - വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ഇല്ല -ചെലവ് നിരാകരിക്കുന്നു |
| 12 | 3-6 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി - ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ അധിക തുക ചെലവഴിച്ചു |
| 13 | 3-7 | സങ്കേതം ഭവനനിർമ്മാണ പദ്ധതി - ധനസഹായം കൈപ്പറ്റിയ 5 ഗുണഭോക്താക്കളിൽ 3 പേരും ഭവനനിർമ്മാണം ആരംഭിച്ചില്ല |
| 14 | 3-8 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - പ്രോജക്ട് നിർവ്വഹണത്തിൽ സബ്സിഡി മാർഗ്ഗനിർദ്ദേശം പാലിച്ചില്ല |
| 15 | 3-9 | പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 16 | 3-10 | തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ തിട്ടപ്പെടുത്തിയിട്ടില്ല |
| 17 | 3-11 | ലക്ഷങ്ങൾ ചെലവഴിച്ച് ഫർണിഷിംഗ് നടത്തിയ ഓഫീസ് റൂം ഉപയോഗിക്കുന്നില്ല-തുക പാഴ്ചെലവായി |
| 18 | 3-12 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ - ഹോമിയോ ആശുപത്രിക്കായി വാങ്ങിയ ഫർണിച്ചറുകൾ വിതരണം ചെയ്തില്ല |
| 19 | 3-13 | സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തില്ല |
| 20 | 3-14 | മൃഗസംരക്ഷണ മേഖലയോട് തികഞ്ഞ അവഗണന |
| 21 | 3-15 | ബാക്ക് യാർഡ് പോൾട്രി-മുട്ടക്കോഴികളുടെ വിതരണ രേഖകൾ ഹാജരാക്കിയില്ല |
| 22 | 3-16 | കാലിത്തൊഴുത്ത് നിർമ്മാണം- തൊഴുത്ത് പുനരുദ്ധാരണം നടത്തിയവർക്ക് പുതിയ തൊഴുത്ത് നിർമ്മിച്ചതിന്റെ ആനുകൂല്യം നൽകി |
| 23 | 3-17 | വിളയുടെ പദ്ധതി ചെലവിൽ ഗുരുതരക്രമക്കേടുകൾ |
| 24 | 3-18 | ഭവനപുനരുദ്ധാരണം - ഗുണഭോക്താവ് ഡി.ഡി.കൈപ്പറ്റിയതിന് രേഖയില്ല |

| | | |
|---|---|---|
| 25 | 3-19 | കിണർ നിർമ്മാണം - ഓവർസിയറുടെ മൂല്യനിർണ്ണയത്തിൽ അധികരിച്ച് സബ്സിഡി തുക നൽകി |
| 26 | 3-20 | ഐ.എ.വൈ. അധിക ധനസഹായം -തുക ബ്ലോക്കിൽ ഒടുക്കിയതിന്റെ ഔദ്യോഗിക രസീത് ഹാജരാക്കിയിട്ടില്ല |
| 27 | 3-21 | സർക്കാർ ജീവനക്കാരൻ അംഗമായ കുടുംബത്തിന് കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകി |
| 28 | 3-22 | പഞ്ചായത്ത് വിഹിതം നല്കുന്നില്ല,ആശ്രയപദ്ധതിയിൽ ഭക്ഷണം മാത്രം |
| 29 | 3-23 | അതുല്യം പദ്ധതി -തുക അധികം ചെലവഴിച്ചു |
| 30 | 3-24 | സ്കൂളിൽ ഫാൻ, മൈക്ക് സെറ്റ് വാങ്ങൽ |
| 31 | 3-25 | പാലിയേറ്റീവ് കെയർ- മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല |
| 32 | 3-26 | പാലിയേറ്റീവ് കെയർ- രേഖകൾ കൃത്യമായി സൂക്ഷിച്ചില്ല |
| 33 | 3-27 | നോൺ അവൈലബിളിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല |
| 34 | 3-28 | മരാമത്ത് പദ്ധതികൾ: ഗുണഭോക്തൃസമിതി നിർവഹണം ചട്ടവും മാർഗനിർദേശവും പാലിക്കാതെ |
| 35 | 3-29 | അതിർത്തികളിൽ സൈൻബോർഡ് സ്ഥാപിച്ചത് |
| 36 | 3-30 | ടാർ ബാരൽ വില ഈടാക്കിയില്ല |
| 37 | 4-1മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 38 | | അനുബന്ധം – ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 26.03.2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 73009500 | 68965000 |

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.07.16 | 30.07.16 | ഇല്ല | ഇല്ല |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22645077 |
| വരവ് | 31252006 |
| ആകെ | 53897083 |
| ചെലവ് | 46531119 |
| നീക്കിയിരിപ്പ് | 7365964 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2288935 | 7580186 | 9869121 | 3236563 | 6632558 | 32.79 |
| വികസനഫണ്ട് എസ്.സി.പി. | 3629913 | 5858000 | 9487913 | 5680404 | 3807509 | 59.86 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1664273 | 6023000 | 7687273 | 7687273 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1332246 | 2578000 | 3910246 | 3428615 | 481631 | 87.68 |
| 13-ാം ധനകാര്യ | 1575357 | 3121049 | 4696406 | 3866930 | 829476 | 82.33 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | | |
| പെർഫോമൻസ് ഗ്രാന്റ് | 2660814 | 0 | 2660814 | 297500 | 2363314 | 11.8 |
| എം.എൻ.ആർ. ഇ. ജി.എസ്. | 0 | 8735361 | 8735361 | 8728282 | 7079 | 99.91 |
| ബി ഫണ്ട് | 0 | 300000 | 300000 | 300000 | 0 | 100 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 157 | 5400000 | 116 | 2185980 | - | 41 | 74% |

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 9.08ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4170682 | 3003923 | 1166759 | -27.97 |
| നികുതിയേതര വരവുകൾ | 2339791 | 1767761 | 572030 | -24.44 |
| മറ്റ് വരവുകൾ | 6405595 | 6970496 | 564901 | +8.8 |
| ആകെ | 12916068 | 11742180 | 1173888 | -9.08 |

2014-15 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തൻ വർഷത്തെ ആകെ തനതു വരുമാനം 5633420/- രൂപയാണ്. 2015-16-ലേതായി പട്ടികയിൽ ചേർത്തിട്ടുള്ള സംഖ്യകൾ അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നുവെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണ്.

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 288000 | 166 |
| കർഷകതൊഴിലാളി പെൻഷൻ | 3804120 | 540 |
| വിധവാപെൻഷൻ | 6046120 | 460 |
| വാർദ്ധക്യകാലപെൻഷൻ | 6665190 | 960 |
| വികലാംഗപെൻഷൻ | 2259270 | 150 |
| അവിവാഹിതപെൻഷൻ | 279320 | 40 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.10.16 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3602/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

ആഭ്യന്തര നിയന്ത്രണ സംവിധാനം 2015-16 ൽ കാര്യക്ഷമമായിരുന്നില്ല. രജിസ്റ്ററുകൾ ഫയലുകൾ, അനുബന്ധ രേഖകൾ, സ്പിൽ ഓവർ പദ്ധതികളുടെ ബാക്ക് ഫയലുകൾ എന്നിവ സൂക്ഷിയ്ക്കുന്നതിൽ അലംഭാവം ഉണ്ടായിട്ടുണ്ട്. വിവിധ പദ്ധതികൾ പ്രകാരം വാങ്ങിയ ഉപകരണങ്ങളും സാധനങ്ങളും കൃത്യമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.തനതു ഫണ്ടിന് പലിശ ലഭിയ്ക്കുന്നില്ല എന്നത് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2011-12 വർഷം വരെ ആകെ 180300/-രൂപ ഡെപ്പോസിറ്റ് ഇനത്തിൽ തിരികെ നൽകാൻ അവശേഷിക്കുന്നതായി കണ്ടു. റീഫണ്ടിന് അർഹമായ കാലയളവിന് ശേഷം മൂന്നുവർഷം കഴിഞ്ഞും കൈപ്പറ്റാത്ത നിക്ഷേപങ്ങളുണ്ടെങ്കിൽ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാവുന്നതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2016 | 09/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.08.16 | 2011-12 2015-16 | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തനതു ഫണ്ടിന് രണ്ട് അക്കൗണ്ടുകൾ

ചെറിയനാട് ഗ്രാമ പഞ്ചായത്ത് തനതു ഫണ്ടിനായി ചെറിയനാട് സർവ്വീസ് സഹകരണ ബാങ്ക് ലിമി.നം 99 ലും ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ ചെറിയനാട് ശാഖയിലുമായി രണ്ട് അക്കൗണ്ട് നില നിർത്തുന്നു. സർക്കുലർ നം. 58725/എഫ്.എം.3/2008/ത.സ്വ.ഭ.വ/26.5.11 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തനതു ഫണ്ടിനായി ദേശസാല്കൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ട് മാത്രം നിലനിർത്തേണ്ടതാണ്. സർക്കുലറിലെ നിർദ്ദേശത്തിനു വിരുദ്ധമായി രണ്ട് അക്കൗണ്ടുകൾ നിലനിർത്തുന്നത് ക്രമ പ്രകാരമായ നടപടിയല്ല.

ചെറിയനാട് സർവ്വീസ് സഹകരണ ബാങ്ക് ലിമി.നം.99 ൽ അക്കൗണ്ട് നം 1733 ന്റെ പാസ്സ് ബുക്ക് മാന്വലായാണ് സൂക്ഷിച്ചിരിയ്ക്കുന്നത്. എല്ലാ ബാങ്കുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള ഇക്കാലയളവിൽ മാന്വൽ പാസ്സ് ബുക്ക് സൂക്ഷിയ്ക്കുന്നതിനാൽ ഇടപാടുകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. കൂടാതെ തനതു ഫണ്ടിനായി ജില്ലാ സഹകരണ ബാങ്കിൽ പലിശ ലഭിയ്ക്കാത്ത കറന്റ് അക്കൗണ്ടിലാണ് (നം.4044/11/01/000002) ഇടപാടുകൾ നടത്തുന്നത്. പ്രതിമാസം ശരാശരി 20 ലക്ഷം രൂപയോളം നീക്കിയിരുപ്പ് വരുന്ന അക്കൗണ്ടിന് പലിശ ലഭിയ്ക്കുന്നില്ല എന്നത് ഗൗരവത്തോടെ വീക്ഷിക്കേണ്ടതാണ്. പലിശ വരുമാനം ലഭിയ്ക്കാത്ത അക്കൗണ്ട് നിലനിർത്തുന്നതിന് വിശദീകരണവും 2015-16 ൽ ചെറിയനാട് സർവ്വീസ് സഹകരണ ബാങ്കിൽ പഞ്ചായത്ത് നടത്തിയ ഇടപാടുകളുടെ കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റ്/ സ്റ്റോൾ ലഭ്യമാക്കുവാനും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25/26.10.16) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിന്റെ ആദ്യ കാല അക്കൗണ്ടുകൾ ചെറിയനാട് സർവ്വീസ് സഹകരണ ബാങ്കിലായിരുന്നുവെങ്കിലും ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ ചെറിയനാട് ശാഖ ആരംഭിച്ചപ്പോൾ തനതു ഫണ്ട് അക്കൗണ്ട് അവിടേക്ക് മാറ്റിയെന്നും ഇ.എം.എസ് ലോൺ, ശുചിത്വ മിഷൻ ഫണ്ടിന് പ്രത്യേക അക്കൗണ്ട് വേണമെന്ന എ.ജി നിർദ്ദേശം എന്നീ കാരണങ്ങളാലാണ് ചെറിയനാട് സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നിലനിർത്തുന്നതെന്നും അറിയിച്ചിട്ടുണ്ട്.

ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ട് പലിശ രഹിത അക്കൗണ്ടിലാണെന്നുള്ളത് ആരും ശ്രദ്ധയിൽപ്പെടുത്താത്തതു കാരണമാണ് തുടർന്നു വന്നതെന്നും ഓഡിറ്റ് നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് .

സമാന്തര അക്കൗണ്ടുകൾ അവസാനിപ്പിച്ച് തനതു ഫണ്ടിന് ഒറ്റ അക്കൗണ്ട് മാത്രം നിലനിർത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും, ചെറിയനാട് സർവ്വീസ് സഹകരണ ബാങ്കിന്റെ 2015-16 ലെ ഇടപാടുകളുടെ കമ്പ്യൂട്ടർ പ്രിന്റും മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 2-2 കെട്ടിടനികുതി കുടിശ്ശിക,3 ലക്ഷം രൂപയോളം-പിരിവ് ഊർജ്ജിതമാക്കണം

കെട്ടിടനികുതിയിനത്തിൽ ഓഡിറ്റ് കാലയളവുവരെ (ഓഡിറ്റ് അന്വേഷണം നം. 26/26.10.16ലെ മറുപടി പ്രകാരം 26.10.16 ലെ വിവരം) പിരിച്ചെടുക്കുവാൻ ബാക്കി നിൽക്കുന്ന കുടിശ്ശികയുടെ കഴിഞ്ഞ മൂന്നു വർഷത്തെ ഇനം തിരിച്ചുള്ള വിവരം.

| വർഷം | ഇനം | തുക | ആകെ |
|---|---|---|---|
| 2013-14 | കെട്ടിട നികുതി | 67167 | 74556 |
| | ലൈബ്രറി സെസ്സ് | 3359 | |
| | സർവ്വീസ് നികുതി | 4030 | |
| 2014-15 | കെട്ടിട നികുതി | 145077 | 161336 |
| | ലൈബ്രറി സെസ്സ് | 7554 | |
| | സർവ്വീസ് നികുതി | 8705 | |
| 2015-16 | കെട്ടിട നികുതി | 49459 | 54900 |
| | ലൈബ്രറി സെസ്സ് | 2473 | |
| | സർവ്വീസ് നികുതി | 2968 | |
| | | | 290792 |

കുടിശ്ശിക നികുതി പിരിച്ചെടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ചെറിയനാട് പോസ്റ്റ് ഓഫീസിലെ നാലു ജീവനക്കാരുടേതായി 2015-16 ഒന്നാം അർദ്ധ വർഷം 3550/- രൂപ തൊഴിൽ നികുതിയിനത്തിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധ വർഷം ഈ സ്ഥാപനം തൊഴിൽ നികുതി അടച്ചിട്ടില്ല.

തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാനും അല്ലായെങ്കിൽ ഇവർക്കതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുവാനും ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/20.10.16) ന് നല്കിയ മറുപടിയിൽ നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചിരിയ്ക്കുന്നത്.

തൊഴിൽ നികുതി അടയ്ക്കുവാൻ വീഴ്ച വരുത്തിയ സ്ഥാപനത്തിനെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് - 210, 1995 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 24 എന്നിവ പ്രകാരവുമുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. നികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടമായ 3550/- രൂപ ഉത്തരവാദിയായ സെക്രട്ടറിയുടെ ബാദ്ധ്യതയായി താല്ക്കാലികമായി നിർണ്ണയിക്കുന്നു. നികുതി ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ലഭ്യമാക്കാത്ത പക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 വാടക ഒടുക്കിയിട്ടില്ല

ചെറിയനാട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊല്ലകടവ്, ഉരുത്തിമേൽ എന്നീ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ കൈവശം വച്ചിരുന്ന ഏതാനും വാടകക്കാർ 2015-16 ൽ വാടക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. വാടക കുടിശ്ശിക വരുത്തുന്ന പക്ഷം പിഴ പലിശ ഉൾപ്പടെ തുക തിരികെ അടയ്ക്കണമെന്ന് വാടകക്കാരുമായി പഞ്ചായത്ത് ഏർപ്പെട്ട കരാർ വ്യവസ്ഥ ചെയ്യുന്നു.

വാടക കൃത്യമായി അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ

അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/20.10.16) 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 14 പ്രകാരം 08.03.16, 15.06.06 തീയതികളിൽ പഞ്ചായത്തധികൃതർ റവന്യൂ റിക്കവറി നോട്ടീസ് നല്കി റിക്കവറി നടപടികൾ സ്വീകരിയ്ക്കുകയും 2016-17 ലെ കടമുറികളുടെ ലേലത്തിൽ നിന്നും ഇവരെ ഒഴിവാക്കുകയും ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം. | ഷോപ്പിംഗ് കോംപ്ലക്സ് / റൂം നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | വാടകയിനത്തിൽ ലഭിയ്ക്കേണ്ട തുക | റിമാർക്സ് |
|---|---|---|---|---|---|
| 1. | തുരുത്തിമേൽ -റൂം നം 2 | ശ്രീകുമാർ,കാവിൽ | 306 | 306*12 = 3672+പലിശ | തുക അടച്ചിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ തുടരുന്നു. |
| 2 | തുരുത്തിമേൽ റൂം നം 9 | സി.നാരായണൻ നായർ | 546 | 546*12 =6552+പലിശ | തുക അടച്ചിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ തുടരുന്നു. |
| 3 | കൊല്ലകടവ് മെയിൻബ്ലോക്ക് റൂം നം. 16 | സി.എച്ച്.അസീസ് | 1103 | 1103*12 =13236+പലിശ | തുക അടച്ചിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ തുടരുന്നു. |
| 4 | കൊല്ലകടവ് ബി ബ്ലോക്ക് റൂം നം. 7,8,9 | രാധാകൃഷ്ണ പിള്ള | 3859 | 3859*12 = 45308+പലിശ | തുക അടച്ചിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ തുടരുന്നു. |
| 5 | കൊല്ല കടവ് ഡി ബ്ലോക്ക് റൂം നം. 19 | നിഷാദ് | 1350 | 1350*10 = 13500+പലിശ | 13500+743 രൂപ പലിശ ഉൾപ്പടെ 14243 രൂപയിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ് 5000/-രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | | ഈടാക്കി ബാക്കി 9242/- രൂപയ്ക്ക് റവന്യൂ റിക്കവറി നോട്ടീസ് നല്കി യിട്ടുണ്ട്. |
| 6 | കൊല്ല കടവ് ഡി ബ്ലോക്ക് റൂം നം. 23 | ലൈജു | 800 | 800*10 = 8000+പലിശ | 8000+440രൂപ പലിശ ഉൾപ്പടെ 8440/- രൂപയിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ് 7500/-രൂപ ഈടാക്കി ബാക്കി 940/- രൂപയ്ക്ക് റവന്യൂ റിക്കവറി നോട്ടീസ് നല്കി യിട്ടുണ്ട്. |
| | | ആകെ | | 78951+പലിശ (നിക്ഷേപത്തിൽ നിന്നും കുറവ് ചെയ്തത് കഴിച്ച്) | |

വാടകയിനത്തിൽ ലഭിയ്ക്കുവാനുള്ള തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 കടമുറികൾ/മേലാദായം - 2015-16 ൽ ലേലം കൊണ്ടിട്ടില്ലാത്തതു മൂലം വരുമാന നഷ്ടം

2015-16 ൽ 26.03.15,09.04.15,28.04.15 എന്നീ തീയതികളിൽ ലേലം നടത്തിയിട്ടും തുടർന്ന് 08.06.15,28.06.15 എന്നീ തീയതികളിൽ ക്വട്ടേഷൻ ക്ഷണിച്ചിട്ടും ചുവടെ പട്ടികയിൽ ചേർത്തിരിയ്ക്കുന്ന ഇനങ്ങൾ ആരും ലേലം കൊണ്ടിട്ടില്ല.

| ക്രമ നം | ലേല ഇനം |
|---|---|
| 1 | കൊല്ലകടവ് ആധുനിക ഷോപ്പിംഗ് കോംപ്ലക്സ് മെയിൻ ബ്ലോക്ക് റൂം നം.1 |
| 2 | കൊല്ലകടവ് ആധുനിക ഷോപ്പിംഗ് കോംപ്ലക്സ് മെയിൻ ബ്ലോക്ക് റൂം നം.2 |
| 3 | കൊല്ലകടവ് ആധുനിക ഷോപ്പിംഗ് കോംപ്ലക്സ് മെയിൻ ബ്ലോക്ക് റൂം |

| | |
|---|---|
| | നം.10 |
| 4 | കൊല്ലകടവ് ആധുനിക ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.11 |
| 5 | കൊല്ലകടവ് ആധുനിക ഷോപ്പിംഗ് കോംപ്ലക്സ് മുകൾ നില ഡി ബ്ലോക്ക് റൂം നം .19.A |
| 6 | കൊല്ലകടവ് ആധുനിക ഷോപ്പിംഗ് കോംപ്ലക്സ് മുകൾ നില ഡി ബ്ലോക്ക് റൂം നം.19. B |
| 7 | കൊല്ലകടവ് ആധുനിക ഷോപ്പിംഗ് കോംപ്ലക്സ് മുകൾ നില ഡി ബ്ലോക്ക് റൂം നം. 19.C |
| 8 | കൊല്ലകടവ് ആധുനിക ഷോപ്പിംഗ് കോംപ്ലക്സ് മുകൾ നില ഡി ബ്ലോക്ക് റൂം നം .19.F |
| 9 | കൊല്ലകടവ് ആധുനിക ഷോപ്പിംഗ് കോംപ്ലക്സ് മുകൾ നില ഡി ബ്ലോക്ക് റൂം നം.19.G |
| 10 | ഇരുത്തിമേൽ ഷോപ്പിംഗ് കോംപ്ലക്സ് മുകൾ നില റൂം.നം.7 |
| 11 | ഇരുത്തിമേൽ ഷോപ്പിംഗ് കോംപ്ലക്സ് മുകൾ നില റൂം.നം.8 |
| 12 | ഇരുത്തിമേൽ ഷോപ്പിംഗ് കോംപ്ലക്സ് മുകൾ നില റൂം. നം.9 |
| 13 | ഇരുത്തിമേൽ ഷോപ്പിംഗ് കോംപ്ലക്സ് മുകൾ നില റൂം. നം10 |
| 14 | ഇരുത്തിമേൽ ഷോപ്പിംഗ് കോംപ്ലക്സ് മുകൾ നില റൂം. നം.11 |
| 15 | ഇരുത്തിമേൽ ഷോപ്പിംഗ് കോംപ്ലക്സ് മുകൾ നില റൂം. നം .12 |
| 16 | ഇരുത്തിമേൽ ക്യാന്റീന മുൻ വശത്തുള്ള ഹാൾ |
| 17 | പാറമേൽ-ഇലഞ്ഞമേൽപ്പടി 8,9 വാർഡുകളിൽ നിൽക്കുന്ന രണ്ടു മൂട് തെങ്ങ് |
| 18 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ തെങ്ങ് |

| | |
|---|---|
| 19 | ഹോമിയോ ആശുപത്രിയ്ക്ക് വാങ്ങിയ സ്ഥലത്തെ തെങ്ങ് |
| 20 | പൊതു ആവശ്യത്തിന ഇടമുറിയിൽ വാങ്ങിയ സ്ഥലത്തെ തെങ്ങ് |

ക്രമ നം. 1 മുതൽ 9 വരെയുള്ളത് നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ചിരുന്നതാണ്. ഇതിന്റെ വായ്പാ തിരിച്ചടവ് ഇടങ്ങിയിട്ടില്ല. വരുമാന ദായകമായ ആസ്തി എന്ന് കണക്കാക്കി നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ്, പ്രീതീക്ഷിച്ച വരുമാനം നല്കുന്നില്ല എന്നത് ഖേദകരമാണ്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഷോപ്പിംഗ് കോംപ്ലക്സിനെ അനാകർഷകമാക്കുന്ന എന്നുള്ള വസ്തുത മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശ വിധേയമായിരുന്നതാണ്.

പട്ടികയിൽ ഉൾപ്പട്ടിട്ടുള്ള ഇനങ്ങൾ ആരും ലേലത്തിലെടുക്കാത്തതിന കാരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/22.10.16)ഉയർന്ന സെക്യൂരിറ്റി ഡിപ്പോസിറ്റ് അടച്ച് ആരും ലേലത്തിന് തയ്യാറായില്ല എന്നും, അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ച വരുന്ന എന്നുമാണ് മറുപടി നല്കിയിട്ടുള്ളത്. ക്രമ നം 10 മുതൽ 16 വരെയുള്ളതും, മേലാദായ ഇനങ്ങളും 2016-17 ലെ ലേലത്തിൽ പോയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

തനതു വരുമാനത്തിലെ പ്രധാന ഇനമായ ലേലം കാര്യ ക്ഷമമാക്കി, വരുമാന നഷ്ടം ഒഴിവാക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അറവുശാല - ലക്ഷങ്ങളുടെ ബാധ്യത പഞ്ചായത്തിന്

ഫയലിൽ മാത്രം ഒതുങ്ങുന്ന ആധുനിക അറവു ശാല ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ ബാധ്യതയാകുന്നു. നബാർഡ് വായ്പയും പലിശയും ഉടൻ തിരിച്ചടയ്ക്കാനുള്ള ഗ്രാമവികസന കമ്മീഷണറുടെ നിർദേശമാണ് ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ ബാധ്യത സൃഷ്ടിച്ചിരിക്കുന്നത്.

നബാർഡ് നല്കിയ 2360000രൂപയുടെ സ്റ്റാർട്ടപ്പ് വായ്പയും അതിന്റെ പലിശയും 2016ഒക്ടോബർ 30-നുള്ളിൽ തിരിച്ച് അടയ്ക്കാനാണ് കമ്മീഷണറുടെ കത്തിലെ നിർദേശം. വായ്പ ലഭിച്ചത് 9-7-2010 ലാണ്. അന്ന് മുതൽ ഈ തുക പലിശയില്ലാത്ത ട്രഷറി അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. പലിശയില്ലാത്ത നിക്ഷേപമായതിനാലാണ് ഇപ്പോൾ തിരിച്ചടയ്ക്കാൻ നിർദേശിച്ചിരിക്കുന്ന വായ്പയുടെ പലിശ ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായിരിക്കുന്നത്.

നബാർഡ് വായ്പ ഗ്രാമപഞ്ചായത്ത് കൈപ്പറ്റി നിഷ്ക്രിയ നിക്ഷേപമാക്കി നിലനിർത്തിയിട്ട് 6 വർഷമായി. പലിശ എത്രയാണെന്ന് ഗ്രാമവികസന കമ്മീഷണറുടെ കത്തിൽ നിർണയിച്ചിട്ടില്ല. 6 വർഷത്തേക്ക് സേവിംഗ്സ് നിക്ഷേപ നിരക്കിൽ ലഘു പലിശ കണക്കാക്കിയാൽ തന്നെ ബാധ്യത ലക്ഷങ്ങൾവരും.

ലക്ഷങ്ങളുടെ പലിശബാധ്യത ഗ്രാമപഞ്ചായത്തിന്റെ ഭരണവീഴ്ചയുടെ ഫലമാണ്. അറവ് ശാലക്ക് നബാർഡ് 113.15ലക്ഷം വായ്പ അനുവദിച്ചപ്പോൾ തന്നെ അറവ് ശാല 3/2012 ൽ പൂർത്തിയാക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. ഇതനുസരിച്ചാണ് സ്റ്റാർട്ടപ്പ് വായ്പ 2263000രൂപ അനുവദിച്ചത്. സ്റ്റാർട്ട് അപ് വായ്പതുക ഒരു വർഷത്തിനുള്ളിൽ ചെലവഴിച്ചില്ലെങ്കിൽ പലിശ സഹിതം തിരിച്ചടയ്ക്കണമെന്ന നിബന്ധനയും വായ്പാവ്യവസ്ഥകളിൽ നബാർഡ് ഉൾപ്പെടുത്തിയിരുന്നു. ഈ വ്യവസ്ഥകൾ അംഗീകരിച്ച് സ്റ്റാർട്ടപ്പ് വായ്പ തുക കൈപ്പറ്റിയ ഗ്രാമപഞ്ചായത്ത് വായ്പതുക സാധാരണ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെങ്കിലും സൂക്ഷിക്കാതിരുന്നതാണ് വീഴ്ചയായത്.

2009-10ലാണ് അറവ് ശാലക്ക് ആദ്യം പദ്ധതി തയാറാക്കിയത്. ഇതിന് ശേഷം ആറ് പദ്ധതി വർഷങ്ങൾ കഴിഞ്ഞു. ഇതിനിടയിൽ പലപ്രാവശ്യം പദ്ധതികൾ തയാറാക്കി. ഓഡിറ്റ് വർഷവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥയായി 9647000രൂപ അടങ്കലിൽ പദ്ധതി(പ്രോജക്ട്127/16) ക്ക് അംഗീകരം വാങ്ങിയെങ്കിലും അറവ് ശാല യാഥാർത്ഥ്യമായിട്ടില്ല. കടലാസിൽ മാത്രം ഒതുങ്ങുന്ന, ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ഒരു സേവനവും നല്കാത്ത അറവ്ശാലയുടെ പലിശബാധ്യത പഞ്ചായത്ത് ഫണ്ടിൽ നിന്നും നല്കേണ്ടിവന്നാൽ അത് നിയമവിരുദ്ധമാണ്. പദ്ധതി വൻ ബാധ്യതയാക്കിയത് ആരാണെന്ന് കണ്ടെത്തി പലിശ അവരിൽ നിന്ന് ഈടാക്കേണ്ടതാണ്. നിയമവിരുദ്ധ ചെലവ് തടയാൻ ഭരണവകുപ്പിന്റെ ശ്രദ്ധക്ഷണിക്കുന്നു.

## 3-2 നിഷ്ക്രിയാസ്തികൾ കുന്നുകൂടുന്നു, ലക്ഷങ്ങൾ പാഴായി

ഗ്രാമപഞ്ചായത്തിൽ നിഷ്ക്രിയാസ്തികൾ കുന്നുകൂടുന്നു. ഇക്കാരണത്താൽ ഇവക്ക് ചെലവഴിച്ച സർക്കാർ ഫണ്ടുകൾ ലക്ഷങ്ങൾ പാഴായി. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് ഫണ്ട് ചെലവഴിച്ച നിഷ്ക്രിയാസ്തികളുടെ വിവരം

1.ആധുനിക മത്സ്യമാർക്കറ്റ്

ചെറിയനാട് പടനിലം ജംഗ്ഷനിലെ ആധുനിക മത്സ്യമാർക്കറ്റ് നിർമാണത്തിന് 15-16ൽ ചെലവഴിച്ച തനത് ഫണ്ട് 94796 രൂപ (പ്രോജക്ട്-126)ഉൾപ്പെടെ ആകെ 1006678രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചു. ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടെയായിരുന്നു മാർക്കറ്റ് നിർമാണം. മാർക്കറ്റ് തുറന്ന് പ്രവർത്തിപ്പിച്ചിട്ടില്ല. ഭൗതിക പരിശോധനയിൽ മത്സ്യമാർക്കറ്റ് നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലത്തല്ല ഇത് നിർമ്മിച്ചിരിക്കുന്നത് എന്ന് വ്യക്തമായി. വീടുകളാൽ ചുറ്റപ്പെട്ട റോഡ് സൗകര്യമില്ലാത്ത സമനിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്താണ് മാർക്കറ്റ്. ഇവിടെ അനുബന്ധ സൗകര്യങ്ങളും ഒരുക്കിയിട്ടില്ല. ഇപ്പോഴത്തെ അവസ്ഥയിൽ മാർക്കറ്റ് പ്രവർത്തിപ്പിക്കുവാൻ മണ്ണിട്ട് ഉയർത്തൽ ഉൾപ്പെടെ ലക്ഷങ്ങളുടെ അധികചെലവ് വരും. എന്നാലും ജനങ്ങളുടെ പ്രതിഷേധം അവഗണിച്ച് മാർക്കറ്റ് പ്രവർത്തിക്കാൻ സാധ്യത കുറവാണ്. ഫലത്തിൽ 1006678രൂപ പാഴായി.

2.കുട്ടികളുടെ പാർക്ക്

പ്രോജക്ട് 166/16ൽ തനത് ഫണ്ട്-593660രൂപ (ചെക്ക് 4551014/22.3.16)ചെലവഴിച്ചു. ചെങ്ങന്നൂർ സബ്കോടതിയുടെ വിധികട സംഖ്യയായി ചെലവഴിച്ച തുകയാണിത്. നേരത്തെ കൊല്ലകടവിൽ വാങ്ങിയ 7.5സെന്റ് സ്ഥലത്തിന്റെ വിലയാണ് കോടതി ഉത്തരവിലൂടെ നല്കിയത്.

സ്ഥലം വാങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും പാർക്ക് യാഥാർത്ഥ്യമായില്ല. ഭൗതിക പരിശോധനയിൽ പാർക്ക് പ്രവർത്തിക്കുന്നില്ലെന്ന് വ്യക്തമായി. സ്ഥലം കാട്പിടിച്ച് കിടക്കുകയാണ്. ഈ സ്ഥലം കുട്ടികളുടെ പാർക്കിന് അനുയോജ്യമാണെന്ന ഉത്തരവാദപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രമില്ല.

പഞ്ചായത്ത് ഫണ്ട് 1600338രൂപ ചെലവഴിച്ച രണ്ടു പദ്ധതികളും ഗ്രാമപഞ്ചായത്തിന് വരുമാനദായകമോ ജനങ്ങൾക്ക് സേവനപ്രദാനമോ ആയില്ല. പഞ്ചായത്ത് ഫണ്ട് നിഷ്ക്രിയാസ്തികളാക്കി പാഴാക്കുന്നത് ഗൗരവമായി കണ്ട് ഈ അവസ്ഥ സൃഷ്ടിച്ചവർക്ക് എതിരെ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 പദ്ധതി ആനുകൂല്യവിതരണത്തിനുള്ള തുക-മുൻകൂറായി പിൻവലിച്ച് മാസങ്ങളായി കൈവശം സൂക്ഷിച്ചിരിക്കുന്നു.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം (S0058/16സ്പിൽ ഓവർ &S0014/16 ന്യൂ) പ്രോജക്ടുകൾക്കു വേണ്ടി ഡി.ഡി. ആയി പിൻവലിച്ച തുകകൾ ഓഡിറ്റ് തീയതിവരെ(10/16)

ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല. ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ ക്രമ നമ്പർ 6,8,9 ആയി ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ ഒഴികെയുള്ളവർ അർഹതാ രേഖകൾ ഹാജരാക്കുന്നതിന് മുൻപായി തന്നെ അവർക്കു വേണ്ടിയുള്ള തുകകൾ ഡി.ഡി.ആക്കി നിർവ്വഹണ ഉദ്യോഗസ്ഥ പിൻവലിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് നിന്നുണ്ടായ ഗുരുതര വീഴ്ചയാണ്. ഒരു ഗുണഭോക്താവിന്റെ അർഹതാ രേഖകൾ പരിശോധിച്ച് അയാൾക്ക് ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടോയെന്ന് ഉറപ്പാക്കാൻ ബാധ്യസ്ഥയായ നിർവ്വഹണ ഉദ്യോഗസ്ഥ ഇവയൊന്നും ലഭിക്കാതെ ഗുണഭോക്താക്കൾക്കായി മുൻകൂറായി പണം പിൻവലിച്ചു എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഗുണഭോക്താവിന്റെ അർഹതാ രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രം പണം പിൻവലിക്കേണ്ടതും ഡി.ഡി. ആയി കൈവശം സൂക്ഷിച്ചിരിക്കുന്ന 255000/-രൂപ പലിശസഹിതം അടിയന്തിരമായി തിരിച്ചടച്ച് ചെലാൻ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രോജക്ട് നമ്പർ | ഡി.ഡി.നമ്പർ | തുക | ഹാജകാക്കാത്ത രേഖകൾ |
|---|---|---|---|---|---|
| 1. | വി.ജി.രതീഷ് കുമാർ,<br>വേലൻ പറമ്പിൽ,<br>വാർഡ് 3 | S0058/16സ്പിൽ ഓവർ പ്രോജക്ട് | 880805/<br>24.12.15 | 20000 | വാല്യൂവേഷൻ സർട്ടിഫിക്കറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, പട്ടികജാതി വികസന ഓഫീസറുടെ സർട്ടിഫിക്കറ്റ് |
| 2. | വിജയമ്മ,<br>മുകളയ്യത്ത്, വാർഡ് 10 | S0058/16സ്പിൽ ഓവർ പ്രോജക്ട് | 880809/<br>24.12.15 | 20000 | വാല്യൂവേഷൻ സർട്ടിഫിക്കറ്റ്, പട്ടികജാതി വികസന ഓഫീസറുടെ സർട്ടിഫിക്കറ്റ് |
| 3. | പി.കെ.പ്രസാദ്,<br>പാലനിൽക്കുന്നതിൽ,<br>വാർഡ് 9 | S0058/16സ്പിൽ ഓവർ പ്രോജക്ട് | 880790/<br>25.11.15 | 20000 | വാല്യൂവേഷൻ സർട്ടിഫിക്കറ്റ്, പട്ടികജാതി വികസന ഓഫീസറുടെ സർട്ടിഫിക്കറ്റ് |
| 4. | ചെല്ലമ്മ,<br>കൊയ്പ്പള്ളി | S0058/16സ്പിൽ ഓവർ പ്രോജക്ട് | 878265/<br>24.12.15 | 20000 | വാല്യൂവേഷൻ സർട്ടിഫിക്കറ്റ്, ഓണർഷിപ്പ് |

| | | | | | |
|---|---|---|---|---|---|
| | | | | | സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, പട്ടികജാതി വികസന ഓഫീസറുടെ സർട്ടിഫിക്കറ്റ് |
| 5. | കുഞ്ഞുമോൾ, പാലനിൽക്കുംതറയിൽ, വാർഡ് 8 | S0058/16സ്പിൽ ഓവർ പ്രോജക്ട് | 880778/ 25.11.15 | 20000 | വാല്യൂവേഷൻ സർട്ടിഫിക്കറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, പട്ടികജാതി വികസന ഓഫീസറുടെ സർട്ടിഫിക്കറ്റ് |
| 6. | ശശി, കോട്ടത്തറയിൽ | S0014/16 | 881215/ 29.1.16 | 20000 | ---- |
| 7. | കുഞ്ഞുകുഞ്ഞമ്മ,കളപ്പുരയിൽ വീട്,വാർഡ് 8 | S0014/16 | 881218/ 29.1.16 | 20000 | വാല്യൂവേഷൻ സർട്ടിഫിക്കറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ് |
| 8. | രാധ,മലയിലയ്യത്തിൽ, വാർഡ് 10 | S0058/16സ്പിൽ ഓവർ പ്രോജക്ട് | 880769/ 24.11.15 | 20000 | ----- |
| 9. | ചന്ദ്രൻപി.റ്റി. തെങ്ങും തറയിൽ,വാർഡ് 15 | S0058/16സ്പിൽ ഓവർ പ്രോജക്ട് | 606222/ 22.3.16 | 20000 | ----- |
| 10. | മണി, വാല്യ തകിടിയിൽ, | S0014/16 | 880771/ | 25000 | വാല്യൂവേഷൻ |

| | | | | | |
|---|---|---|---|---|---|
| | വാർഡ് 4 | | 24.11.15 | | സർട്ടിഫിക്കറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ്, പട്ടികജാതി വികസന ഓഫീസറുടെ സർട്ടിഫിക്കറ്റ് |
| 11. | സുജാത സുരേഷ്, തെങ്ങുംതറ വടക്കേതിൽ<br>വാർഡ് 11 | S0014/16 | 880786/<br>25.11.15 | 25000 | വാല്യൂവേഷൻ സർട്ടിഫിക്കറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് |
| 12. | റ്റിജി.ഗോപാല കൃഷ്ണൻ, ഇറവിലേത്ത് വടക്കതിൽ | S0014/16 | 880806/<br>24.11.15 | 25000 | വാല്യൂവേഷൻ സർട്ടിഫിക്കറ്റ് |
| | ആകെ | | | 255000 | |

കൂടാതെ ക്രമ നമ്പർ 1ആയി ഉൾപ്പെടുത്തിയിട്ടുള്ള ഗുണഭോക്താവ് ഉൾപ്പെട്ട 1422014474 നമ്പർ റേഷൻ കാർഡിലെ വി.ജി.ഗോപാലൻ എന്നയാൾ സർക്കാർ ജീവനക്കാരനാണ്. സർക്കാർ ജീവനക്കാരൻ ഉൾപ്പെട്ട കുടുംബത്തിന് ഈയിനത്തിനുള്ള ധനസഹായത്തിന് അർഹതയില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 29/26.10.16 എൻക്വയറി നൽകിയതിന് സാമ്പത്തിക വർഷം തീരുന്നതിന് മുൻപ് ചെലവ് ചെയ്യണമെന്ന നിർദ്ദേശം ഉള്ളതിനാലാണ് രേഖകളില്ലാതെ തുക പിൻവലിച്ചതെന്ന മറുപടി അംഗീകരിക്കത്തക്കതല്ല.

## 3-4 ഭവനപുനരുദ്ധാരണം -- മൂല്യനിർണ്ണയത്തിൽ അധികരിച്ച് ധനസഹായം നൽകി,കാലപ്പഴക്കം ഇല്ലാത്ത വീടിന് ധനസഹായം നൽകി

പ്രോജക്ട് നമ്പർ : S0014/16

അടങ്കൽ:1000000

ചെലവ് :ബിൽ നമ്പർ - 8-15/16 തീ.29.10.15 -- 575000/-

ബിൽ നമ്പർ - 9-15/16 തീ.26.11.15 – 435000/-

നിർവ്വഹണം:അസിസ്റ്റന്റ് സെക്രട്ടറി

ഭവനപുനരുദ്ധാരണം എന്ന പ്രോജക്ടിലുൾപ്പെടുത്തി 40 ഗുണഭോക്താക്കൾക്ക് 25000/-രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പ്രോജക്ട് നിർവ്വഹണത്തിൽ ധാരാളം അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

എ). മൂല്യനിർണ്ണയത്തിൽ അധികരിച്ച് ധനസഹായം നൽകി

ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ഓവർസിയറുടെ മൂല്യനിർണ്ണയത്തിൽ അധികരിച്ച് ധനസഹായം നൽകിയിട്ടുണ്ട്. അധികം നൽകിയ 6585/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന്

ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഓവർസിയറുടെ മൂല്യനിർണ്ണയ പ്രകാരം നൽകാവുന്ന തുക | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|
| 1. | പൊടിയമ്മ,കളത്തിൽ തെക്കതിൽ,നെട്ടുവരംകോട് | 22000 | 25000 | 3000 |
| 2. | സികെ.ചെല്ലപ്പൻ, തീപ്പാരംകുഴിയിൽ | 24000 | 25000 | 1000 |
| 3. | ജഗദമ്മ,ബിജു ഭവനം,മാമ്പ്ര | 24415 | 25000 | 585 |
| 4. | രഘുനാഥ്,വി.ആർ.സദനം | 24000 | 25000 | 1000 |
| 5. | കിട്ടൻ നീലാംബരൻ, കരിക്കാട് പുത്തൻവീട് | 24000 | 25000 | 1000 |
| | ആകെ | | | 6585/- |

ബി). 8 വർഷം കാലപ്പഴക്കമില്ലാത്ത വീടിന് ധനസഹായം നൽകി

12-ാം പദ്ധതി സബ്സിഡി മാർഗ്ഗനിർദ്ദേശ പ്രകാരം കുറഞ്ഞത് 8വർഷമെങ്കിലും കാലപ്പഴക്കമുള്ള വീടിന് മാത്രമാണ് ഭവന പുനരുദ്ധാരണത്തിന് ധനസഹായത്തിന് അർഹത. എന്നാൽ ഭവന പുനരുദ്ധാരണത്തിന് ധനസഹായം ലഭിച്ച നാരായണൻ, താമരശ്ശേരി പടീറ്റതിൽ, വാർഡ് 6 എന്നയാൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്ന് ലഭിച്ച സർട്ടിഫിക്കറ്റ് പ്രകാരം 2008-09 ൽ ഭവനനിർമ്മാണത്തിന് ധനസഹായം ലഭിച്ചിട്ടുണ്ട്. ഈ ധനസഹായത്തിന്റെ അവസാനഗഡു കൈപ്പറ്റിയത് 4.6.2010 ലുമാണ്. സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ വിരുദ്ധമായി 8 വർഷം പഴക്കിമില്ലാത്ത വീടിന് നൽകിയ 25000/- ഓഡിറ്റിൽ അനുവദിക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്. തെറ്റായി നൽകിയ 31585/-രൂപ തിരിച്ചുപിടിക്കേണ്ടതാണ്.

## 3-5 തെരുവ് വിളക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങലും തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കലും - വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ഇല്ല -ചെലവ് നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ :S0053/16

(സ്പിൽ ഓവർ പ്രോജക്ട് )

അടങ്കൽ - 2,00,000/-

(വികസനഫണ്ട്)

ചെലവ് - 152613/-

ബിൽ നമ്പർ:11/15-16 തീ.17.11.15

നിർവ്വഹണം - സെക്രട്ടറി

തെരുവ് വിളക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങലും തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കലും എന്ന സ്പിൽ ഓവർ പ്രോജക്ടിലുൾപ്പെടുത്തി 152613/-രൂപ വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 2014-2015 ൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കായി എറണാകുളം എഡിസൺ ഇലക്ട്രോണിക്സിൽ നിന്നും 2,78,213രൂപയുടെ ഉപകരണങ്ങൾ വാങ്ങിയതിൽ നൽകുവാൻ ബാക്കിയുള്ള 1,52,613/-രൂപ നൽകുന്നതിനുവേണ്ടിയാണ് 15-16 ൽ സ്പിൽ ഓവർ പ്രോജക്ട് നടപ്പാക്കിയത്. പ്രോജക്ടിനൊപ്പമുള്ള സി 2 സെക്ഷന്റെ ഓഫീസ് നോട്ട് പ്രകാരം സ്റ്റോക്ക് രജിസ്റ്ററിലെ 15 മുതൽ 18വരെയുള്ള പേജിൽ എഡിസൺ ഇലക്ട്രോണിക്സിന്റെ ബിൽ പ്രകാരമുള്ള ഉപകരണങ്ങൾ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിലെ ഈ പേജുകളിൽ എഡിസൺ ഇലക്ട്രോണിക്സിന്റെ ബിൽ പ്രകാരമുള്ള ഉപകരണങ്ങളൊന്നും ഉൾപ്പെട്ടിട്ടില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടും 14-15 ൽ നടപ്പാക്കിയ തെരുവ് വിളക്ക് അനുബന്ധ ഉപകരണങ്ങൾ വാങ്ങലും തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കലും എന്ന പ്രോജക്ടിന്റെ രേഖകൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് 17/25.10.16 ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഇതിനുള്ള മറുപടിയിൽ 14-15 ൽ നടപ്പാക്കിയ 51,52 പ്രോജക്ട് പ്രകാരം വാങ്ങിയ തെരുവ് വിളക്ക് ഉപകരണങ്ങളുടെ വിലയിൽ നൽകുവാൻ ബാക്കിയുണ്ടായിരുന്ന തുകയാണ് 15-16 ൽ സ്പിൽ ഓവർ പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകിയതെന്ന് പറയുന്നു. എന്നാൽ പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകളൊന്നും ഹാജരാക്കിയില്ല.

14-15 ലെ പ്രോജക്ടിന്റെ അനുബന്ധ രേഖകൾ എൻക്വയറി മുഖേനയും വാക്കാലും നിരവധി തവണ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കാത്തതിനാൽ ഈ മറുപടിയുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
സ്റ്റോക്ക് രജിസ്റ്ററിലെ 15മുതൽ 18പേജിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഉപകരണങ്ങളുടെ വിവരങ്ങളും എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നുമില്ല. കൂടാതെ എഡിസൺ ഇലക്ട്രോണിക്സിന്റെ ബിൽ പ്രകാരമുള്ള 67495 രൂപയുടെ സാധനങ്ങൾ സ്റ്റോക്കിൽ ഉൾപ്പെട്ടിട്ടുമില്ല. ഈ ഉപകരണങ്ങൾ ക്ലറിക്കൽ പിശക് മൂലം ചേർക്കാൻ വിട്ടു പോയതാണെന്ന മറുപടി അംഗീകരിക്കത്തക്കതല്ല. പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർക്കുകയെന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.
എഡിസൺ ഇലക്ട്രോണിക്സിന്റെ ബിൽ പ്രകാരമുള്ള ഉപകരണങ്ങളുടെ വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | ഉപകരണങ്ങളുടെ പേര് | ടാക്സ് നിരക്ക് | ഒരു യൂണിറ്റിന്റെ നിരക്ക് | എണ്ണം | ആകെ |
|---|---|---|---|---|---|
| 1. | സി.എഫ്.എൽ. 20 വാട്ടസ് വിത്ത് ബിൽറ്റ് ഇൻ ചോക്ക് | 5% | 123.82 | 225 | 27859.50 |
| 2. | ബൾബ് ഹോൾഡർ | 14.5% | 24.46 | 225 | 5503.50 |
| 3. | അലൂമിനിയം ഷേഡ് | 5% | 31.91 | 225 | 7179.75 |
| 4. | സിങ്കിൾ ട്യൂബ് സ്ലീറ്റ് ലൈറ്റ് 1x40 വാട്ടസ് സൂര്യ | 14.5% | 650.66 | 225 | 146398.50 |
| 5. | ജി.ഐ. പൈപ്പ് 50cm length | 5% | 114.29 | 225 | 25715.25 |
| 6. | എം.എസ്.ഫ്ലാറ്റ് -200Gms | 5% | 33.33 | 900 | 29.997 |
| 7. | ബോൾട്ട് 5/16 | 5% | 7.62 | 900 | 6858 |
| 8. | നട്ട് 5/16 | 5% | 1.9 | 900 | 1710 |
| | ടാക്സ് 14.5%<br>5%<br>ആകെ | | | | 22026<br>4966<br>--------<br>2,78,213 |

സ്റ്റോക്ക് രജിസ്റ്ററിൽ 15 മുതൽ 18 വരെയുള്ള പേജുകളിൽ ചേർത്തിട്ടുള്ള ഉപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ഉപകരണങ്ങളുടെ വിവരം | എണ്ണം |
|---|---|---|---|
| 1. | 51/14 | ഓട്ടോമാറ്റിക് സി.എഫ്.എൽ. ലാമ്പ് | 300 |
| 2. | -ടി- | 20 വാട്ട് സി.എഫ്.എൽ. ബൾബ് | 225 |
| 3. | -ടി- | ഓർഡിനറി ഹോൾഡർ | 225 |
| 4. | -ടി- | ഷെയ്ഡ് | 225 |

| | | | |
|---|---|---|---|
| 5. | -ടി- | സിങ്കിൾ ട്യൂബ് സെറ്റ് | 225 |
| 6. | 52/14 | ട്യൂബ് ലൈറ്റ് | 300 |
| 7. | -ടി- | ചോക്ക് | 300 |
| 8. | -ടി- | സ്റ്റാർട്ടർ | 500 |
| 9. | -ടി- | സൈഡ് ഹോൾഡർ | 500 |
| 10. | -ടി- | അലൂമിനിയം കോയിൽ | 15 കോയിൽ |

ഇതിൽ നിന്നും ബില്ല പ്രകാരമുള്ള സാധനങ്ങളും സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സാധനങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ലന്ന് കാണാം. വിശദീകരണത്തിന്റെ അഭാവത്തിൽ പ്രോജക്റ്റിനായി ചെലവഴിച്ച 152613 രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനുള്ളിൽ വ്യക്തമായ വിശദീകരണം നൽകിയില്ലായെങ്കിൽ ചെലവുതുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

## 3-6 തെരുവ് വിളക്ക് അറ്റകുറ്റപ്പണി - ഇൻസ്റ്റലേഷൻ ചാർജ്ജിനത്തിൽ അധിക തുക ചെലവഴിച്ചു

തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്കായി ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | അടങ്കൽ | ബിൽ നമ്പർ | തുക | റിമാർക്സ് |
|---|---|---|---|---|---|
| തെരുവ് വിളക്ക് അറ്റകുറ്റപ്പണി<br>നിർവ്വഹണം :സെക്രട്ടറി | s0008/16 | 200000/- വികസനഫണ്ട് | ബിൽ നമ്പർ 13-15/16 തീ.5.2.16 –<br>ബിൽ നമ്പർ 27-15/16 തീ.31.3.16 – | 122240/-<br>77585 | യുണൈറ്റഡ് ഇലക്ട്രിക്കൽസിന് നൽകിയ തുക<br>ഉപകരണങ്ങൾ സ്ഥാപിച്ച് നൽകുന്നതിന് ശരത് കുമാർ, അയോദ്ധ്യയിൽ എന്ന കരാറുകാരന് നൽകുകയുണ്ടായി |
| തെരുവ് വിളക്ക് അറ്റകുറ്റപ്പണി<br>നിർവ്വഹണം :സെക്രട്ടറി | s0050/16 നമ്പർ സ്പിൽ ഓവർ | 32116 വികസന ഫണ്ട് | ബിൽ നമ്പർ 29-15/16 തീ.31.3.16 – | 24666 | ഉപകരണങ്ങൾ സ്ഥാപിച്ച് നൽകുന്നതിന് ശരത് കുമാർ, അയോദ്ധ്യയിൽ എന്ന കരാറുകാരന് നൽകുകയുണ്ടായി |

സ.ഉ.(സാധാ) നം.2134/2015/ത.സ്വ.ഭ.വ.തീ.16.7.2015 പ്രകാരം ആലപ്പുഴ ജില്ലയിലെ എൽ.ഇ.ഡി.ബൾബുകൾ ഒഴികെയുള്ള തെരുവ് വിളക്കുപകരണങ്ങളുടെ വിതരണം, ഇൻസ്റ്റലേഷൻ & മെയിന്റനൻസ്, ഗ്യാരണ്ടി നൽകൽ എന്നീ ചുമതലകൾ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിനെ ഏൽപ്പിച്ചിട്ടുണ്ട്. തെരുവ് വിളക്ക് അറ്റകുറ്റപ്പണി എന്ന S0008/16നമ്പർ പ്രോജക്ടിലുൾപ്പെടുത്തി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്നും 122240/-രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1). <u>ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ചതിന് വ്യക്തതയില്ല</u>

ഓരോ വാർഡുകളിലേയും തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ വ്യക്തമാക്കുന്ന താരിഫ് കാർഡ് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. താരിഫ് കാർഡ് ഇല്ലാത്തതിനാലും സംയുക്ത പരിശോധനയുടെ റിപ്പോർട്ട് കെ.എസ്.ഇ.ബി.അധികൃതർ ലഭ്യമാക്കാത്തതിനാലും ആവശ്യത്തിന് ആനുപാതികമായാണോ ഉപകരണങ്ങൾ വാങ്ങിയതെന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. അതിനാൽ തന്നെ പ്രോജക്ടിലുൾപ്പെടുത്തി വാങ്ങിയ 375 ഫ്ലൂറസന്റ് ട്യൂബ് ലൈറ്റുകളും (36/40 വാട്ട്) 105 സി.എഫ്.എൽ. ലൈറ്റുകളും (36 വാട്ട്) 375സ്റ്റാർട്ടർ, 600 സൈഡ് ഹോൾഡർ, 300 സ്റ്റാർട്ടർ ഹോൾഡർ, 15 കോയിൽ അലൂമിനിയം വയർ, 300 അലൂമിനിയം ചോക്ക് എന്നിവയുടെ ആവശ്യകത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2). <u>റിസ്ക് & കോസ്റ്റിൽ ടെണ്ടർ നടപടി വഴി പ്രവൃത്തി പൂർത്തികരിക്കാത്തതിനാൽ ഉപകരണങ്ങളുടെ സ്ഥാപനത്തിന് അധിക ചെലവുണ്ടായി</u>

ഗ്രാമപഞ്ചായത്തിൽ ഉപകരണങ്ങൾ വിതരണം ചെയ്യാനും സ്ഥാപിച്ച് നൽകുന്നതിനും ബാധ്യസ്ഥരായ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഉപകരണങ്ങൾ വിതരണം ചെയ്യുക മാത്രമാണ് ചെയ്തിരിക്കുന്നത്. ഗ്രാമപഞ്ചായത്ത് സ്വകാര്യ കരാറുകാരനെകൊണ്ടാണ് ഈ ഉപകരണങ്ങൾ സ്ഥാപിച്ചത്. പ്രോജക്ടിലുൾപ്പെടുത്തി വാങ്ങിയ 298ഫ്ലൂറസന്റ് ട്യൂബ് ലൈറ്റുകളും (36/40 വാട്ട്) 63സി.എഫ്.എൽ. ലൈറ്റുകളും(36 വാട്ട്) 13 സെക്ഷൻ ഫ്യൂസ് യൂണിറ്റുകളും സ്ഥാപിച്ചതിന് S0008/16നമ്പർ പ്രോജക്ടിൽ നിന്നും 77585/-രൂപയും 76 ഫ്ലൂറസന്റ് ട്യൂബും (36/40 വാട്ട്) 42 സി.എഫ്.എൽ.(36 വാട്ട്) ലാമ്പും 8 സെക്ഷൻ ഫ്യൂസ് യൂണിറ്റുകളും സ്ഥാപിച്ചതിന് S0050/16 നമ്പർ സ്പിൽ ഓവർ പ്രോജക്ടിൽ നിന്നും 24666/-രൂപയും ശരത് കുമാർ, അയോദ്ധ്യയിൽ എന്ന കരാറുകാരന് നൽകുകയുണ്ടായി. 1.8.15 ൽ യുണൈറ്റഡ് ഇലക്ട്രിക്കൽസിന് സെക്രട്ടറി നൽകിയ സി2-2020/15 നമ്പർ പർച്ചേസ് ഓർഡർ പ്രകാരം വാർഡൊന്നിന് 5000 രൂപ പ്രകാരം 15വാർഡിന് നൽകാവുന്ന മെയിന്റനൻസ് കോസ്റ്റ് 75000 രൂപയാണ്. എന്നാൽ രണ്ട് പ്രോജക്ടിലും കൂടി 102251/-രൂപ ഉപകരണങ്ങളുടെ സ്ഥാപനത്തിന് വേണ്ടി മാത്രം ചെലവഴിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നൽകിയ 18/25.10.16 നമ്പർ എൻക്വയറിക്കുള്ള മറുപടിയിൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഉപകരണങ്ങൾ സ്ഥാപിച്ച് നൽകാതിരുന്നതിനാലാണ് സ്വകാര്യ കരാറുകാരനെ ഉപകരണങ്ങൾ സ്ഥാപിക്കാൻ ചുമതലപ്പെടുത്തിയതെന്നാണ്.

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ സേവനങ്ങളിൽ വ്യാപകമായ പരാതി ഉണ്ടായതിനാൽ സ.ഉ.(സാധാ)നം.3140/2015ത.സ്വ.ഭ.വ. തീ.16.10.15 പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽസിന് ചുമതലപ്പെടുത്തി നൽകിയ ജില്ലകളിലെ തെരുവ് വിളക്കുകളുടെ വിതരണം, സ്ഥാപിക്കൽ, പരിപാലനം എന്നിവ ചെയ്യണമെന്നും ഏറ്റെടുത്ത പ്രവൃത്തി മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതും പ്രവൃത്തി പൂർത്തിയാക്കാതെ വന്നാൽ യുണൈറ്റഡിന്റെ റിസ്ക് & കോസ്റ്റിൽ ടെണ്ടർ നടപടി വഴി പ്രവൃത്തി പൂർത്തിയാക്കുന്നതും വീഴ്ച വരുത്തിയ സ്ഥാപനത്തെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതുമാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ യുണൈറ്റഡ് ഇലക്ട്രിക്കൽസ് ഉപകരണങ്ങൾ സ്ഥാപിച്ച് നൽകാൻ തയ്യാറാവാതിരുന്നപ്പോൾ മേൽ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം പ്രവൃത്തി ചെയ്യാൻ ചുമതലപ്പെട്ട സ്ഥാപനത്തിന്റെ റിസ്ക് & കോസ്റ്റിൽ ടെണ്ടർ നടപടി വഴി പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടിയോ ഉപകരണങ്ങൾ സ്ഥാപിച്ചു നൽകാതിരുന്ന യുണൈറ്റഡ്

ഇലക്ട്രിക്കൽസിന്റെ നടപടി സർക്കാരിനെ അറിയിക്കുന്നതിനുള്ള നടപടിയോ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചില്ല. റിസ്ക് & കോസ്റ്റിൽ ടെണ്ടർ നടപടി വഴി പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് അധികം ചെലവായ 27251/-രൂപ യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്ന് ഈടാക്കാമായിരുന്നു. റിസ്ക് & കോസ്റ്റിൽ ടെണ്ടർ നടപടി വഴി പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുക വഴി പഞ്ചായത്തിന് അധികം ചെലവഴിക്കേണ്ടി വന്ന 27251/-രൂപ സെക്രട്ടറിയുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

3).സ്പിൽ ഓവർ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ അപാകത

തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കായി സ്പിൽ ഓവർ അനുമതി നേടിയ പ്രോജക്ടാണ് s0050/16 നമ്പർ പ്രോജക്ട്. തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കായി മുൻ വർഷം നടപ്പാക്കിയ പ്രോജക്ടിലെ ഏതെങ്കിലും പ്രവൃത്തി ചെയ്യാൻ ബാക്കി ഉണ്ടാകുമ്പോഴാണ് സാധാരണഗതിയിൽ സ്പിൽ ഓവർ പ്രോജക്ടിന് അനുമതി വാങ്ങുന്നത്. എന്നാൽ s0050/16 നമ്പർ സ്പിൽ ഓവർ പ്രോജക്ടിൽ നിന്നും ചെലവഴിച്ച 24666/- രൂപയും യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും തൻ വർഷം വാങ്ങിയ ഉപകരണങ്ങളുടെ സ്ഥാപനത്തിനായാണ് ചെലവഴിച്ചിരിക്കുന്നത്. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4). കരാറുകാരനിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട നികുതികൾ ഈടാക്കിയില്ല.

തെരുവ് വിളക്ക് സ്ഥാപിച്ച് നൽകൽ ഒരു വർക്ക് കോൺട്രാക്ട് ആയി ഏറ്റെടുത്ത കരാറുകാരനിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ട 14.5% വാറ്റും 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധിവിഹിതവും ഈടാക്കിയില്ല. രണ്ട് പ്രോജക്ടിലും കൂടി 102251 രൂപയുടെ പ്രവൃത്തി ചെയ്ത കരാറുകാരനിൽ നിന്നും 14826 രൂപ വാറ്റ് ഇനത്തിലും 1023 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധിവിഹിതം ഇനത്തിലും ഈടാക്കേണ്ടിയിരുന്നു. ഈ തുക ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-7 സങ്കേതം ഭവനനിർമ്മാണ പദ്ധതി - ധനസഹായം കൈപ്പറ്റിയ 5 ഗുണഭോക്താക്കളിൽ 3 പേരും ഭവനനിർമ്മാണം ആരംഭിച്ചില്ല

പ്രോജക്ട് നമ്പർ - s0156/16

അടങ്കൽ - 3000000(വികസനഫണ്ട് - 2362092,

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 457064,തനത് ഫണ്ട് -180844)

ചെലവ് - ബിൽ നമ്പർ - 13-15/16 lതീ.31.3.16 --- 125000/-

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ സങ്കേതം പദ്ധതിയിലുൾപ്പെടുത്തി 5പേർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1). ആദ്യഗഡു കൈപ്പറ്റിയവർ നാളിതിവരെ ഭവനനിർമ്മാണം ആരംഭിച്ചില്ല

ഓഡിറ്റിന്റെ ഭാഗമായി നടത്തിയ ഭൌതികപരിശോധനയിൽ ധനസഹായം കൈപ്പറ്റിയ 5 ഗുണഭോക്താക്കളിൽ ചുവടെ ചേർക്കുന്ന 3 പേരും ഭവനനിർമ്മാണം ആരംഭച്ചിട്ടില്ല. അടിത്തറയുടെ പണി ആരംഭിക്കുക പോലും ചെയ്യാത്തവർക്ക് ആദ്യഗഡു 25000/-രൂപ നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. ഇവർ നാളിതുവരെ ഭവനനിർമ്മാണം ആരംഭിക്കാത്തതിനാൽ 75000/-രൂപയുടെ (3x25000)ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ഡി.ഡി. നമ്പർ |
|---|---|---|
| 1. | അരുണ.കെ.സി.ദീപാലയം, കൊല്ലകടവ് | 606637/20.3.16 |
| 2. | ശ്രീദേവി,കോടംപറമ്പിൽ | 606635/20.3.16 |
| 3. | ഗിരീഷ് കുമാർ,ഗീതുഭവനം | 606636/20.3.16 |

2). രേഖകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ ആരും അപേക്ഷകൾ ഹാജരാക്കിയിട്ടില്ല. എല്ലാവരുടേയും അർഹതാരേഖകൾ മാത്രമാണ് ഫയലിലുള്ളത്. കൂടാതെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ധനസഹായം നൽകിയിരിക്കുന്നത്. സ്റ്റേജ് സർട്ടിഫിക്കറ്റ് ഇല്ലാതെ ധനസഹായം നൽകിയത് ശരിയായ നടപടിയല്ല.

3). പ്രോജക്ടിലുൾപ്പെടുത്തി 15-16 ൽ ആദ്യഗഡു 25000/-രൂപ വീതം കൈപ്പറ്റി അടിത്തറ പണിത സന്തോഷ് കുമാർ, പുളിനിൽക്കുന്നതിൽ, ചെറുവല്ലൂർ, കുഞ്ഞമ്മ, കുരിച്ചിക്കട്ടയിൽ, ചെറുവല്ലൂർ എന്നിവർ നാളിതുവരെ തുടർഗഡുക്കൾ കൈപ്പറ്റുകയോ ഭവനനിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. ഇവരെ കൊണ്ട് അടിയന്തിരമായി ഭവനനിർമ്മാണം പൂർത്തീകരക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം 50,000/- ഇവരിൽ നിന്ന് പലിശസഹിതം ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് അന്വേഷണം നം. 7തീ.21.10.16 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതും/ആരംഭിക്കാത്തതും സംബന്ധിച്ച് വ്യക്തമായ വിശദീകരണം നൽകിയിട്ടില്ല. ഭവനനിർമ്മാണം നിയമാനുസൃതം പൂർത്തീകരിക്കാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്. 125000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - പ്രോജക്ട് നിർവ്വഹണത്തിൽ സബ്സിഡി മാർഗ്ഗനിർദ്ദേശം പാലിച്ചില്ല

പ്രോജക്ട് നമ്പർ - S0060/16(സ്പിൽ ഓവർ)

അടങ്കൽ - 300000/-വികസനഫണ്ട്

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് - ബിൽ നമ്പർ:3/15-16 തീ.14.9.15 – 87780/-

പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിനായി ആവിഷ്ക്കരിച്ച പ്രോജക്ടിലുൾപ്പെടുത്തി 22 വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകിയിട്ടുണ്ട്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ). ജി.ഒ.(ആർ.റ്റി)362/13 തീയതി 16.11.13 നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.8(3) പ്രകാരം പത്താം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് സൈക്കിൾ വിതരണം ചെയ്യാവുന്നത്. എന്നാൽ പ്രോജക്ടിൽ ഉൾപ്പെടുത്തി സൈക്കിൾ നൽകിയ ചുവടെ ചേർത്തിരിക്കുന്ന വിദ്യർത്ഥികളുടെ സ്കൂൾ സർട്ടിഫിക്കറ്റ് പ്രകാരം അവർ പത്താം ക്ലാസ്സ് വിദ്യർത്ഥികളല്ല. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് ശരിയല്ല.

| ക്രമ നമ്പർ | വിദ്യർത്ഥിയുടെ പേര് | വാർഡ് | പഠിക്കുന്ന ക്ലാസ്സ് |
|---|---|---|---|
| 1. | നിഷാന്ത് സുരേഷ്,നിഷാന്ത് ഭവനം | 8 | 9 |
| 2. | ശ്രീജിത്ത്.എസ്, കൊട്ടത്തറയിൽ | 8 | 9 |
| 3. | അഖിൽ സുരേഷ്,ലക്ഷം വീട്, തോന്നക്കാട് | 15 | 8 |
| 4. | നമ്രത സദാനന്ദൻ,മന്നത്ത് | 9 | 9 |
| 5. | അമൽലാൽ,പുത്തൻകാലിൽ | 2 | 8 |
| 6. | അതുൽ സുരേഷ്, അനിൽ ഭവനം | 2 | 9 |
| 7. | ആകാശ്.പി,നെട്ടുവക്കാട്ട് കിഴക്കതിൽ | 9 | 9 |
| 8. | അലൻ.കെ.എസ്,കളത്തിൽ വീട് | 6 | 8 |
| 9. | അജീഷ്.പി.എസ്സ്, പനമൂറിയിൽ, തോന്നയ്ക്കാട് | 15 | 8 |
| 10. | പ്രവീൺ പ്രഭാഷ്, പ്രീതാലയം | 8 | 9 |

ആദ്യ ശശികുമാർ, ഇല്ലവിളയിൽ ശ്രീകലാലയം,വാർഡ് 13 എന്ന വിദ്യർത്ഥിയുടെ സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ബി). സൈക്കിൾ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളും, ലഭിച്ച ക്വട്ടേഷനുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സി). 16 ആൺകുട്ടികൾക്കും 6 പെൺകുട്ടികൾക്കും സൈക്കിൾ നൽകിയെങ്കിലും ഗുണഭോക്താക്കൾക്ക് ആർക്കും പട്ടികജാതി വകുപ്പിൽ നിന്നും സൈക്കിൾ കിട്ടിയിട്ടില്ലെന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകളാൽ സൈക്കിൾ വാങ്ങുന്നതിനായി ചെലവഴിച്ച 87780/-രൂപ (22x3990) തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണവും രേഖകൾ ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.2 തീ.21.10.16) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 3-9 പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം ഇനത്തിൽ മാസം തോറും 56438/-രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കി വരുന്നു. എന്നാൽ പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ആയതിന്റെ എണ്ണത്തിന് ആനുപാതികമായുള്ള വെള്ളക്കരം മാത്രം അടയ്ക്കേണ്ടതാണ്.

## 3-10 തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ തിട്ടപ്പെടുത്തിയിട്ടില്ല

തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജായി 91686/- രൂപഓരോ മാസവും അടവാക്കിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല. അതിനാൽ തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് അടവാക്കിയതിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച രജിസ്റ്റർ കൃത്യമാക്കി അതനുസരിച്ച് കറണ്ട് ചാർജ്ജ് അടവാക്കേണ്ടതാണ്.

## 3-11 ലക്ഷങ്ങൾ ചെലവഴിച്ച് ഫർണിഷിംഗ് നടത്തിയ ഓഫീസ് റൂം ഉപയോഗിക്കുന്നില്ല-തുക പാഴെച്ചലവായി

പ്രോജക്ട് നമ്പർ: S0057/16

അടങ്കൽ :200000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് :196940

ബിൽ നമ്പർ :12-15/16 തീയതി, 17.11.15

നിർവ്വഹണം:സെക്രട്ടറി

ഓഫീസ് ഫർണിഷിംഗ് എന്ന പ്രോജക്ടിലുൾപ്പെടുത്തി അസിസ്റ്റന്റ് സെക്രട്ടറിക്കും മൂന്ന് ജീവനക്കാർക്കും സ്റ്റോറേജ് ഫെസിലിറ്റിയോടു കൂടിയ കമ്പ്യൂട്ടർ ടേബിളും സ്റ്റാഫ് ക്യാബിൻ പാർട്ടീഷനും മെയിൻ ഓഫീസിനോട് ചേർന്നുള്ള റൂമിൽ നിർമ്മിച്ചതിന് 196940/-രൂപ സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ഭൌതിക പരിശോധ നടത്തിയതിൽ നിലവിലും ഈ റൂം ഉപയോഗിക്കുന്നില്ലന്ന് ബോധ്യപ്പെട്ടു. കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിനുള്ള സൌകര്യത്തോടുകൂടി ഫർണിഷിംഗ് നടത്തിയ ഈ റൂമിലെ ടേബിളുകളിൽ വയറിംഗ് നടത്തിയിട്ടുമില്ല. നിലവിൽ ജീവനക്കാർ ഉപയോഗിക്കുന്ന ഓഫീസ് റൂമിൽ എല്ലാ അടിസ്ഥാന സൌകര്യങ്ങളും ആവശ്യത്തിന് സ്ഥലസൌകര്യവും ഉണ്ട്. പ്രോജക്ട് നടപ്പാക്കി ഒരു വർഷത്തിനുശേഷവും ഫർണിഷിംഗ് നടത്തിയ റൂം ഉപയോഗക്ഷമമാക്കാതിരിക്കുകയും നിലവിൽ ജീവനക്കാർ ഉപയോഗിക്കുന്ന റൂമിൽ അസൌകര്യങ്ങൾ ഇല്ലെന്നതും ഈ പ്രോജക്ട് ആവശ്യമില്ലാതിരുന്ന ഒരു പ്രോജക്ടാണെന്നും വ്യക്തമാകുന്നു. വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ട തുകകൾ ഇപ്രകാരം ചെലവഴിക്കുന്നത് അഭികാമ്യമല്ല. ഓഫീസ് റൂം ഉപയോഗക്ഷമമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-12 വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ - ഹോമിയോ ആശുപത്രിക്കായി വാങ്ങിയ ഫർണീച്ചറുകൾ വിതരണം ചെയ്തില്ല

പ്രോജക്ട് നമ്പർ: S0010/16

അടങ്കൽ:100000,ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ചെലവ് :99850/-ബിൽ നമ്പർ 30-15/16

തീയതി: 31.3.16

ഗ്രാമപഞ്ചായത്തിന് വിട്ട് കിട്ടിയ വിവിധ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി അഞ്ച് വീതം മേശ,കസേര,അലമാര എന്നിവ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഹോമിയോ ആശുപത്രിക്കായി വാങ്ങിയ ഒരു മേശ, കസേര, അലമാര എന്നിവ വിതരണം ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്റ്റോർ റൂം ഭൌതിക പരിശോധന നടത്തിയതിൽ ഇവ സ്റ്റോറിൽ സൂക്ഷിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്ത് അധികൃതരോട് അന്വേഷിച്ചതിൽ ഹോമിയോ ആശുപത്രിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡോക്ടറാണ് ഉള്ളതെന്നും അതിനാലാണ് ഫർണിച്ചറുകൾ വിതരണം ചെയ്യാതിരുന്നതുമെന്നാണ് അറിയിച്ചത്. പദ്ധതി ആസൂത്രണത്തിലെ ദീർഘവീക്ഷണമില്ലായ്മയുടെ ഉത്തമ ഉദാഹരണമാണിത്. ഫർണിച്ചറുകൾ അടിയന്തിരമായി വിതരണം ചെയ്യേണ്ടതാണ്.

## 3-13 സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തില്ല

കൃഷി ഓഫീസർ നടപ്പാക്കിയ നെൽകൃഷി വികസന പദ്ധതി (പ്രോജ. നം. S0120/16) നടപ്പാക്കുന്നതിന് 155430/-രൂപ (ബിൽ നം.2/14.3.16) വികസന ഫണ്ടിൽ നിന്ന് പിൻവലിച്ചിട്ടുണ്ട്. ഈ തുകയിൽ 66150/- രൂപ കെ.എസ്.എസ്.ഡി.എ-യിൽ നിന്ന് നെൽവിത്ത് വാങ്ങുന്നതിനായി ചെലവഴിച്ചിരിക്കുന്നു. വളം സബ്സിഡിയിനത്തിൽ ഗുണഭോക്താക്കൾക്ക് നൽകേണ്ട 89280/- രൂപയിൽ 82428/- രൂപ മാത്രമാണ് ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന 6852/- രൂപ ഗുണഭോക്താക്കളായ 9 കർഷകരുടെ അക്കൗണ്ടിൽ നാളിതുവരെ ക്രെഡിറ്റ് ചെയ്തിട്ടില്ല. ടി തുകകൾ അതാത് കർഷകർക്ക് നൽകേണ്ടതാണ്. അല്ലാത്ത പക്ഷം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടച്ച് ആയതിന്റെ ചെലാൻ ഹാജരാക്കേണ്ടതാണ്. മുൻ വർഷങ്ങളിലും ഇപ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാത്ത തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ അടച്ച് ആയതിന്റെ ചെലാൻ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-14 മൃഗസംരക്ഷണ മേഖലയോട് തികഞ്ഞ അവഗണന

മൃഗസംരക്ഷണ മേഖലയുടെ പുരോഗതി ലക്ഷ്യമിട്ട് ഗ്രാമപഞ്ചായത്തിൽ 8 പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അംഗീകാരം നൽകിയിരുന്നെങ്കിലും അവയിൽ 4 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത്. കറവ പശു വാങ്ങൽ, ആട് വളർത്തൽ(എസ്.സി), പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ മുതലായ പ്രധാനപ്പെട്ട പ്രോജക്ടുകളാണ് നടപ്പാക്കാതെ ഉപേക്ഷിച്ചത്. ഇത് ഉത്പാദന മേഖലയോടുള്ള തികഞ്ഞ അവഗണനയാണ് സൂചിപ്പിക്കുന്നത്. ക്ഷീര മേഖലയ്ക്ക് വളരെയേറെ പ്രാധാന്യം നൽകാവുന്ന നാടായ ചെറിയനാട് ഗ്രാമപഞ്ചായത്തിൽ പ്രസ്തുത മേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ അലംഭാവം ഉണ്ടായിട്ടുണ്ട്. ഉത്പാദന മേഖലയിൽ ചെലവഴിക്കപ്പെടേണ്ട തുകകൾ ചെലവഴിക്കുന്നതിൽ കുറവുണ്ടായത് അഭികാമ്യമല്ല. മൃഗ സംരക്ഷണ മേഖലയിൽ കൂടുതൽ പ്രോജക്ടുകൾ നടപ്പാക്കി ക്ഷീര കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## 3-15 ബാക്ക് യാർഡ് പോൾട്രി-മുട്ടക്കോഴികളുടെ വിതരണ രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം -സെക്രട്ടറി

മുട്ടക്കോഴി വിതരണത്തിന്റെ ഭാഗമായി നടപ്പാക്കിയ ബാക്ക് യാർഡ് പോൾട്രി (ജനറൽ), ബാക്ക് യാർഡ് പോൾട്രി (എസ്.സി) എന്നീ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി 456 മുട്ടക്കോഴികളെ 90 രൂപ

നിരക്കിൽ എം എസ് എഗ്ഗർ നഴ്സറിയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഇതിനായി വികസന ഫണ്ട് വിഹിതവും ഗുണഭോക്തൃ വിഹിതവും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | ബിൽ നം./ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|---|
| ബാക്ക് യാർഡ് പോൾട്രി(ജനറൽ) | S0098/16 | 3/23.3.16<br>4551004/18.2.16 | 17000/-(വികസന ഫണ്ട്)<br>7480/-(ഗുണഭോക്തൃ വിഹിതം) |
| ബാക്ക് യാർഡ് പോൾട്രി(SCP) | S0099/16 | 4/JAP/15-16/23.3.16<br>4551005/18.2.16 | 11500/-(വികസന ഫണ്ട്)<br>5060/-(ഗുണഭോക്തൃ വിഹിതം) |
| ആകെ | | | 41040/- |

ഗുണഭോക്താക്കളുടെ അപേക്ഷകളോ കോഴികളെ വിതരണം ചെയ്തിട്ടുള്ളതിന്റെ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (22/26.10.16) നൽകിയിരുന്നെങ്കിലും, വിതരണ രേഖകൾ ഹാജരാക്കാതിരുന്നതിനാൽ പ്രോജക്ടിനായി ആകെ ചെലവഴിച്ച 41040/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-16 കാലിത്തൊഴുത്ത് നിർമ്മാണം- തൊഴുത്ത് പുനരുദ്ധാരണം നടത്തിയവർക്ക് പുതിയ തൊഴുത്ത് നിർമ്മിച്ചതിന്റെ ആനുകൂല്യം നൽകി

കാലിത്തൊഴുത്ത് നിർമ്മാണം (ജനറൽ)(പ്രോജ.നം.S0144/15) പ്രോജക്ട് പ്രകാരം തൊഴുത്ത് നിർമ്മിച്ചതിന്റെ ആനുകൂല്യമായി 16 ഗുണഭോക്താക്കൾക്ക് 10000/-രൂപ വീതം 160000/-രൂപയും കാലിത്തൊഴുത്ത് നിർമ്മാണം (SCP) പ്രോജക്ടിൽ ഉൾപ്പെടുത്തി 4 ഗുണഭോക്താക്കൾക്ക് 15000/-രൂപ വീതം 60000/-രൂപയും ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയക്ക് ഹാജരാക്കിയിരുന്നില്ല. ആയതിനാൽ തുക കൈപ്പറ്റിയതിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ അർഹതാ നിർണ്ണയ രേഖകളോടൊപ്പം ഹാജരാക്കിയ തൊഴുത്തുകളുടെ ഫോട്ടോകൾ പരിശോധിച്ചതിൽ ആവ പുതിയ തൊഴുത്തുകളല്ല എന്നും പഴയ തൊഴുത്തുകളാണ് എന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | ഗുണഭോക്താക്കളുടെ എണ്ണം | ബിൽ നമ്പർ/തീയതി | തുക |
|---|---|---|---|---|
| കാലിത്തൊഴുത്ത് നിർമ്മാണം(ജനറൽ) | S0144/15 | 16 | 1/JAP/15-16 /26.3.16-70000/-<br>6JAP /15-16 /23.3.16<br>7/JAP/15-16 /23.3.16 /-50000/- | 160000/- |

| | | | | |
|---|---|---|---|---|
| കാലിത്തൊഴുത്ത് നിർമ്മാണം(എസ്സിപി) സ്പിൽ ഓവർ | S0097/16 | 4 | 2 JAP/24.3.16 /30000/-<br>5JAP /23.3.16-30000/- | 60000/- |
| ആകെ | | | | 220000/- |

ഗുണഭോക്താക്കളുടെ അർഹതാ രേഖകളോടൊപ്പം (റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്) തൊഴുത്ത് നിർമ്മിച്ചതിന്റെ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/26.10.16) ഹാജരാക്കിയ മറുപടിയിൽ ഇപ്പോൾ നൽകുന്ന ആനുകൂല്യം ഉപയോഗിച്ച് പുതിയ തൊഴുത്ത് നിർമ്മിക്കാൻ ഗുണഭോക്താക്കൾക്ക് സാധിക്കില്ല എന്നും അവർ കാലാകാലങ്ങളായി തൊഴുത്ത് നവീകരിക്കുന്നവരാണ് എന്നും പറഞ്ഞിരിക്കുന്നു. ഇതിൽ നിന്ന് മേൽ പ്രോജക്ടുകൾ പ്രകാരം പുതിയ തൊഴുത്തുകൾ നിർമ്മിച്ചിട്ടില്ല എന്നും പഴയ തൊഴുത്തുകളുടെ അറ്റകുറ്റപ്പണി മാത്രമാണ് നടത്തിയത് എന്നും വ്യക്തമാണ്. ഇക്കാരണത്താൽ രണ്ട് പ്രോജക്ടുകളിലും ഉൾപ്പെടുത്തി തൊഴുത്ത് നിർമ്മാണത്തിനായി ചെലവഴിച്ച 220000/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഗുണഭോക്തക്കളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഗുണഭോക്താക്കളിൽ നിന്നും ലഭ്യമാകാത്ത പക്ഷം ടി തുക തൊഴുത്തുകളുടെ വാല്യുവേഷൻ നടത്തിയ ഓവർസിയർ, പരിശോധന നടത്തിയതും തുക നൽകിയതുമായ വെറ്ററിനറി സർജ്ജൻ എന്നിവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-17 വി.ഇ.ഒ-യുടെ പദ്ധതി ചെലവിൽ ഗുരുതര ക്രമക്കേടുകൾ

ഗുണഭോക്താക്കളുടെ പേരിൽ പിൻവലിച്ച ഡിഡികൾ വിതരണം ചെയ്യാതെ സൂക്ഷിക്കുക, ഒരേ ഗുണഭോക്താവിന്റെ പേരിൽ രണ്ട് പ്രവശ്യം ഡി.ഡി പിൻവലിക്കുക, പദ്ധതി ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിച്ചു എന്ന് തെളിയിക്കുന്ന രേഖകൾ ഇല്ല എന്നിവയാണ് പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകളിൽ ഗൗരവമായവ.

വീട് അറ്റകുറ്റപണി(പ്രോജക്ട്-104/16)ക്ക് വികസനഫണ്ടിൽനിന്നും സഹായം നല്കുന്നതിന് ബിൽ 23/26.2.16 ൽ പിൻവലിച്ച 160000രൂപയിൽ 20000രൂപയുടെ 2ഡിഡികളാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി ഡി.ഡി രജിസ്റ്ററിൽ രേഖയില്ലാത്തത്. ഇവയുടെ വിവരം:

1. ഡി.ഡി.607217/തീയതി ഇല്ല -20000രൂപ-വിജയൻ,വിജയഭവനം
2. ഡി.ഡി.607202/തീയതി ഇല്ല-20000 രൂപ-ഷീജ ഷാജഹാൻ,ഷഹനാസ് മൻസിൽ.

ഇതിൽ ഷീജ ഷാജഹാന് ബിൽ 19/14.3.16ൽ പിൻവലിച്ച 220000രൂപയിൽ നിന്ന് 20000രൂപ (ഡി.ഡി. 606158,തീയതി ഇല്ല)നല്കിയതായി കാണുന്നു. ഇത് ഇവർ കൈപ്പറ്റിയതായി ഡി.ഡി രജിസ്റ്ററിൽ കാണുന്നു. വിതരണം ചെയ്യാത്ത ഡി.ഡികൾ ഭൗതിക പരിശോധനക്ക് ഹാജരാക്കുവാൻ ഓഡിറ്റ് ആവശ്യപ്പെട്ടിരുന്നു. ഡി.ഡി-കൾ ഹാജരാക്കിയില്ല. നിർവഹണ ഉദ്യോഗസ്ഥൻ ഓഫീസിൽ വരാറില്ലെന്നും ഫോൺ എടുക്കാറില്ലെന്നുമാണ് എൽ.വി.ഇ.ഒ. വാക്കാൽ അറിയിച്ചത്.

വ്യക്തിഗത ആനുകൂല്യങ്ങൾ നല്കുന്നതിന് 5ബില്ലുകളിൽ 525400രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ചു. ഗുണഭോക്താക്കളുടെ അപേക്ഷയില്ല. അതിനാൽ ഡി.ഡി രജിസ്റ്ററിൽ ഒപ്പിട്ട് ഡി.ഡി കൈപ്പറ്റിയവർ ഗ്രാമപഞ്ചായത്തിന്റെ ഗുണഭോക്താക്കൾ തന്നെയാണെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. പദ്ധതി സഹായം ഗുണഭോക്താക്കൾക്ക് ലഭിച്ചു എന്ന് ഉറപ്പാൻ കഴിയാത്തത് ഗുരുതരക്രമക്കേടാണ്. ഉചിതമായ മേൽ അന്വേഷണം നടത്തണം. അനധികൃതമായി സൂക്ഷിച്ചിരിക്കുന്ന ഡി.ഡി

തുക-40000രൂപ പലിശ സഹിതം നിർവഹണ ഉദ്യോഗസ്ഥൻ തിരിച്ച് അടയ്ക്കേണ്ടതുമാണ്. ചെലവിന്റെ കൃത്യത തെളിയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ബാക്കി-485400രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ഓഡിറ്റ് തടസം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിൽ പ്രസിഡന്റ്/സെക്രട്ടറിക്ക് കത്ത് നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. എന്നാൽ എക്സിറ്റ് മീറ്റിംഗിൽ ഓഫീസിൽ വരാത്ത വി.ഇ.ഒ-ക്ക് എതിരെ നടപടിയെടുക്കാൻ ഭരണവകുപ്പിനെ അറിയിച്ചിട്ടുണ്ടെന്ന് പ്രസിഡന്റ് അറിയിച്ചു.

## 3-18 ഭവനപുനരുദ്ധാരണം - ഗുണഭോക്താവ് ഡി.ഡി.കൈപ്പറ്റിയതിന് രേഖയില്ല

പ്രോജക്ട് നമ്പർ :എസ്.ഒ.93/16

നിർവ്വഹണം : വി.ഇ.ഒ.

അടങ്കൽ: 320000/- വികസനഫണ്ട്

ചെലവ്

ബിൽ നമ്പർ :2/house maintanance തീ.19.8.15 – 120000

ബിൽ നമ്പർ :4/house maintanance തീ.15.9.15 – 140000

ബിൽ നമ്പർ :11/house maintanance തീ.30.12.15 – 120000

ഡി.ഡി.ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ ബിൽ നമ്പർ 11/H.M. തീയതി,30.12.15 പ്രകാരം പിൻവലിച്ച തുകയിൽ നിന്നും 20000/-രൂപ ധനസഹായം ലഭിക്കേണ്ടിയിരുന്ന അന്നമ്മ, കീച്ചേരി തറയിൽ, മാമ്പ്ര എന്നയാൾ ഡി.ഡി.കൈപ്പറ്റിയിട്ടില്ല എന്ന് കാണുന്നു. രജിസ്റ്ററിൽ ഡി.ഡി.യുടെ നമ്പരും ഉൾപ്പെടുത്തിയിട്ടില്ല. നാളിതുവരെ വിതരണം ചെയ്യാത്തതിനാൽ ചെലവ് അംഗീകരിക്കുന്നില്ല. 20000/-രൂപ പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണ്.

## 3-19 കിണർ നിർമ്മാണം - ഓവർസിയറുടെ മൂല്യനിർണ്ണയത്തിൽ അധികരിച്ച് സബ്സിഡി തുക നൽകി

പ്രോജക്ട് നമ്പർ :s0094/16

അടങ്കൽ:105000/- വികസനഫണ്ട്

നിർവ്വഹണം:വി.ഇ.ഒ.

ചെലവ്

ബിൽ നമ്പർ - 1/well construction തീ.19.8.15 – 30000

ബിൽ നമ്പർ - 3/well construction തീ.15.9.15 – 30000

ബിൽ നമ്പർ - 10/well construction തീ.19.11.15 --30000

ജി.ഒ.(എം.എസ്.)362/13ത.സ്വ.ഭ.വ. തീ.16.11.13 നമ്പർ സബ്സിഡി മാർഗ്ഗനിർദ്ദേശ പ്രകാരം ഇടനാട്ടിൽ കിണർ നിർമ്മാണത്തിന് അനുവദിക്കാവുന്ന സബ്സിഡി 17000/- രൂപയോ മൂല്യനിർണ്ണയത്തിന്റെ

75%മോ ഏതാണോ കുറവ് ആ തുകയാണ്. പ്രോജക്ടിലുൾപ്പെടുത്തി കിണർ നിർമ്മാണത്തിന് ധനസഹായം നൽകിയ ചുവടെ ചേർത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ മൂല്യനിർണ്ണയത്തിൽ അധികരിച്ച് ധനസഹായം നൽകിയിട്ടുണ്ട്. മൂല്യനിർണ്ണയത്തിൽ അധികരിച്ച് നൽകിയ സബ്സിഡി 3750/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | മൂല്യനിർണ്ണയ പ്രകാരമുള്ള തുക | നൽകാവുന്ന തുക മൂല്യനിർണ്ണയത്തിന്റെ 75% | നൽകിയത് | അധികം |
|---|---|---|---|---|---|
| 1. | ശ്രീദേവി, ഐക്കര പടീറ്റതിൽ | 19000 | 14250 | 15000 | 750 |
| 2. | മധു.കെ.പി, കണിയാം പടിക്കൽ | 18500 | 13875 | 15000 | 1125 |
| 3. | രാജൻ, രാജഭവനം | 19000 | 14250 | 15000 | 750 |
| 4. | ഇന്ദിരാമ്മ,കണ്ണങ്കരേത്ത് | 19000 | 14250 | 15000 | 750 |
| 5. | ആനി മാത്യൂ, ഗ്രേസ് വില്ല | 19500 | 14625 | 15000 | 375 |
| | ആകെ | | | | 3750 |

## 3-20 ഐ.എ.വൈ. അധിക ധനസഹായം -തുക ബ്ലോക്കിൽ ഒടുക്കിയതിന്റെ ഔദ്യോഗിക രസീത് ഹാജരാക്കിയിട്ടില്ല

ഐ.എ.വൈ.അധിക ധനസഹായം നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടിലുൾപ്പെടുത്തി പിൻവലിച്ച തുക ബ്ലോക്ക് പഞ്ചായത്തിൽ കൈപ്പറ്റിയതിന്റെ ഔദ്യോഗികരസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 720000/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | ബിൽനമ്പർ | തുക |
|---|---|---|---|---|
| 1. | ഐ.എ.വൈ. അധിക ധനസഹായം (ജനറൽ) | എസ്.ഒ. 102/16 | 21 - IAY share gen 102/16 dtd 14.3.16 | 440000/- |
| 2. | ഐ.എ.വൈ. അധിക ധനസഹായം (എസ്.സി) | എസ്.ഒ. 103/16 | 16- IAY share scp 102/16 dtd 29.1.16 | 280000/- |

## 3-21 സർക്കാർ ജീവനക്കാരൻ അംഗമായ കുടുംബത്തിന് കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകി

വി.ഇ.ഒ.നിർവ്വഹണം നടത്തിയ കക്കൂസ് നിർമ്മാണത്തിനായുള്ള എസ്.ഒ.95/16 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി ധനസഹായം കൈപ്പറ്റിയ ശ്രീമതി.കവിത സജീവ്, സിജി ഭവനം, വാർഡ് 11 എന്നയാൾ ഉൾപ്പെട്ട 1422045471 നമ്പർ റേഷൻ കാർഡിലെ രാജമ്മ എന്നയാൾ സർക്കാർ ജീവനക്കാരിയാണ്. ജി.ഒ.(എം.എസ്) 362/13ത.സ്വ.ഭ.വ.തീ.16.11.13 ഖണ്ഡിക 2-14 പ്രകാരം സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർ, പെൻഷൻകാർ എന്നിവർ അംഗങ്ങളായ കുടുംബങ്ങളെ 50000/- രൂപയിൽ കുറവ് വരുമാനം ഉള്ളവരായി കണക്കാൻ കഴിയില്ല. മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം 50000/-രൂപയിൽ കൂടുതൽ വരുമാനം ഉള്ളവർക്ക് കക്കൂസ് നിർമ്മാണത്തിനുള്ള ധനസഹായത്തിന് അർഹതയില്ല. ഇവർക്ക് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 3400/-രൂപ ഡി.ഡി.നമ്പർ 879565/28.9.15 പ്രകാരവും സംസ്ഥാനവിഹിതം 12000/-രൂപ ടിയാൾക്ക് സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ ചെറിയനാട് ബ്രാഞ്ചിലുള്ള 1649904762 നമ്പർ അക്കൌണ്ടിലേക്ക് ഇ-ട്രാൻസ്ഫർ ചെയ്തും നൽകിയിട്ടുണ്ട്.(ആകെ 15400/-)സർക്കാർ ജീവനക്കാരി ഉൾപ്പെട്ട കുടുംബത്തിന് നൽകിയത് അംഗീകരിക്കുന്നില്ല. 15400/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-22 പഞ്ചായത്ത് വിഹിതം നല്കുന്നില്ല,ആശ്രയപദ്ധതിയിൽ ഭക്ഷണം മാത്രം

ആശ്രയപദ്ധതിക്ക് വർഷങ്ങളായി ഗ്രാമപഞ്ചായത്ത് വിഹിതം നല്കുന്നില്ല. പഞ്ചായത്ത് ഫണ്ട് നല്കാത്തതിനാൽ പദ്ധതി കുടുംബശ്രീ മിഷൻ ഫണ്ട് ഉപയോഗിച്ചുള്ള ഭക്ഷണവിതരണം മാത്രമായി പരിമിതപ്പെട്ടു.

12ാംപദ്ധതി മാർഗരേഖ നിർബന്ധ വകയിരുത്തൽ മേഖലയിലാണ് ആശ്രയപദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്. ആശ്രയപദ്ധതിക്ക് ഫണ്ട് വകയിരുത്താതെ ഗ്രാമപഞ്ചായത്തിന്റെ മറ്റ് പദ്ധതികൾക്ക് ജില്ലാആസൂത്രണ സമിതി അംഗീകാരം നല്കില്ല. വികസനഫണ്ട് ഇതിന് ഉപയോഗിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് എല്ലാവർഷവും ആശ്രയക്ക് പദ്ധതി തയാറാക്കി അംഗീകാരം വാങ്ങാറുണ്ട്. 2015-16ലും രണ്ട് ലക്ഷം രൂപ അടങ്കലിൽ പദ്ധതിക്ക് അംഗീകാരം വാങ്ങിയിരുന്നു(പ്രോജക്ട്96). എന്നാൽ നടപ്പാക്കിയില്ല. 13-14,14-15എന്നീ പദ്ധതിവർഷങ്ങളിലും ഇതേസമീപനമായിരുന്നു. 12-13 ലാണ് ഗ്രാമപഞ്ചായത്ത് ഏറ്റവും ഒടുവിൽ പദ്ധതിക്ക് വിഹിതം നല്കിയത്. അന്ന് 10ലക്ഷം രൂപ വകയിരുത്തിയെങ്കിലും 50000രൂപയാണ് പദ്ധതി നിർവഹണ ഏജൻസിയായ സി.ഡി.എസ്-ന് നല്കിയത്. സി.ഡി.എസ്, ഈ തുക ചെലവഴിച്ചിട്ടില്ല.

ആശ്രയ പദ്ധതിയിലെ ഒരു ക്ലേശഘടകം മാത്രമാണ് ഭക്ഷണവിതരണം. ഭൂമി, വീട്, കക്കൂസ്, കിണർ, പഠനോപകരണങ്ങൾ എന്നീ ക്ലേശഘടകങ്ങൾ ഗ്രാമജില്ലാപഞ്ചായത്തുകളുടെ വിഹിതം ഉപയോഗിച്ചാണ് പരിഹരിക്കേണ്ടത്. പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ ഇവ അവഗണിക്കപ്പെടുകയാണ്. പഞ്ചായത്തിന്റെ മറ്റ് വ്യക്തിഗത ഗുണഭോക്തൃ പദ്ധതികളിലും ആശ്രയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നില്ല. ഇതിനാൽ ആശ്രയപദ്ധതിയോടുള്ള ഗ്രാമപഞ്ചായത്തിന്റെ അവഗണന പ്രകടമാണ്.

2014ൽ തുടങ്ങി 17ൽ അവസാനിക്കുന്ന രണ്ടാം ഘട്ട പദ്ധതിയാണ് ഇപ്പോൾ നടപ്പാക്കുന്നത്. ഇതിന് 5087000രൂപയാണ് ആകെ വകയിരുത്തിയ ഗ്രാമപഞ്ചായത്ത് വിഹിതം. പദ്ധതി തുടങ്ങി രണ്ട് വർഷങ്ങൾ കഴിഞ്ഞിട്ടും വകയിരുത്തിയ തുകയിൽ ആനുപാതിക വിഹിതം ഗ്രാമപഞ്ചായത്ത് നല്കാഞ്ഞത് ഗൗരവ ശ്രദ്ധയർഹിക്കുന്നു.

പദ്ധതിക്ക് 5ലക്ഷം രൂപ ജില്ലാപഞ്ചായത്ത് വിഹിതം വകയിരുത്തിയിരുന്നെങ്കിലും ഇതേവരെ ഒരു തുകയും ലഭിച്ചില്ല. ജില്ലാപഞ്ചായത്ത് വിഹിതം വാങ്ങിയെടുക്കുന്നതിന് പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

2012-13ൽ നല്കിയ ഗ്രാമപഞ്ചായത്ത് വിഹിതം 50000രൂപ ഓഡിറ്റ് തീയതിയിലും ചെലവഴിച്ചിട്ടില്ല. വീട് അറ്റകുറ്റപണിക്ക് നല്കിയ ഈ വികസനഫണ്ട് ഗുണഭോക്താക്കളില്ലാത്തതിനാൽ

ചെലവഴിക്കാനാവില്ലെന്ന് സി.ഡി.എസ്. ഓഡിറ്റിൽ അറിയിച്ചിട്ടുണ്ട്. അതിനാൽ ചെലവഴിക്കാൻ കഴിയാത്ത വികസനഫണ്ട് 50000രൂപ പലിശ ഉൾപ്പെടെ ജി.ഒ.പി 177/2006,ധനം,12.4.2006 ഉത്തരവിലെ 10.3ലെ നിർദേശപ്രകാരം സഞ്ചിതനിധിയിൽ തിരിച്ചടച്ച് ചെല്ലാൻ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-23 അതുല്യം പദ്ധതി -തുക അധികം ചെലവഴിച്ചു

നിർവ്വഹണം – പ്രധാനാധ്യാപിക &സെക്രട്ടറി

2015-16 വർഷം അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടിയിൽ ഉൾപ്പെടുത്തി ഇൻസ്ട്രക്ടർമാർക്കുള്ള ഓണറേറിയം, കോർഡിനേറ്റർമാർക്കുള്ള ഓണറേറിയം എന്നീ ഇനങ്ങൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. പ്രധാനാധ്യാപിക മുഖേന (പ്രോജ.നം.S0101/16) 66974/-രൂപയും(ബിൽ നം.S0101/16/25.1.16) സെക്രട്ടറി മുഖേന (പ്രോജക്ട് നമ്പർ S0055/16) 40000/-രൂപയും (ചെക്ക്നം.1651/15.7.15-8000/-,1652/15.7.15-32000/-) ഉൾപ്പടെ 106974/-രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. 196 പഠിതാക്കൾക്ക് പരിശീലനം നൽകി പരീക്ഷ നടത്തുന്നതിനാണ് ഇപ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. 500 പഠിതാക്കളുണ്ടായിരുന്ന പള്ളിപ്പാട് ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം പ്രോജക്ട് നടപ്പാക്കുന്നതിന് 100000/-രൂപയിൽ താഴെ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ആലപ്പുഴ ജില്ലാ സാക്ഷരതാ മിഷൻ അംഗീകരിച്ച പ്രോജക്ട് പ്രകാരം പ്രസ്തുത പദ്ധതിക്കായി 100000/-രൂപ മാത്രമേ ചെലവഴിക്കാൻ പാടുള്ളൂ. ഇതിന് വിരുദ്ധമായാണ് 6974/- അധികം ചെലവഴിച്ചിട്ടുള്ളത്. തുക അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നെങ്കിലും(31/26.10.16) യാതൊരു മറുപടിയും ഹാജരാക്കിയിട്ടില്ല. ആയതിനാൽ അധികം ചെലവഴിച്ച 6974/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മാത്രമല്ല, പ്രസ്തുത സാക്ഷരതാ പരിപാടി നടപ്പാക്കുന്നതിന് 66974/-രൂപയുടെ ചെക്ക് കോർഡിനേറ്ററുടെ പേരിൽ നൽകിയിരിക്കുന്നു. ഇപ്രകാരം കോർഡിനേറ്ററുടെ പേരിൽ തുക നൽകിയത് ക്രമ വിരുദ്ധമായ നടപടിയാണ്. പഠിതാക്കളെ കണ്ടെത്തുന്നതിന് സർവ്വെ നടത്തിയതിന്റെ രേഖകൾ, സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയില്ല. പഠനത്തിനായി അപേക്ഷിച്ച പഠിതാക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ അവർ മുമ്പ് തന്നെ പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചവരാണെന്ന് ബോദ്ധ്യപ്പെട്ടു. ഇക്കാരണങ്ങളാൽ നിരാകരിച്ച തുകയിൽ അവശേഷിക്കുന്ന 100000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-24 സ്കൂളിൽ ഫാൻ,മൈക്ക് സെറ്റ് വാങ്ങൽ

പ്രധാനാധ്യാപിക നിർവ്വഹണ ഉദ്യോഗസ്ഥയായി ചെറിയനാട് ജെ.ബി.എസ്. സ്കൂളിൽ ഫാൻ, മൈക്ക് സെറ്റ് എന്നിവ വാങ്ങുന്നതിന് പ്രോജക്ട് നം.S0154/16 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ നിന്ന് തുക വകയിരുത്തി 85960/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഉപകരണങ്ങളുടെ ഭൗതിക പരിശോധന നടത്തിയതിൽ 18 സീലിംഗ് ഫാനുകൾ വാങ്ങിയതിൽ 17 എണ്ണം മാത്രമേ ഉപയോഗിക്കുന്നുള്ളൂ. മാത്രമല്ല, ഫാനുകൾ താല്ക്കാലിക വയറിംഗ് നടത്തിയാണ് ഫിറ്റ് ചെയ്തിരുന്നത് എന്ന് ഭൗതിക പരിശോധന നടത്തിയതിൽ ബോദ്ധ്യപ്പെട്ടു. ഫിറ്റ് ചെയ്തിട്ടില്ലാത്ത ഫാൻ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഫിറ്റ് ചെയ്തിട്ടില്ലാത്ത ഫാനിന്റെ വിലയായ 1645/-രൂപ തിരികെ അടയ്ക്കേണ്ടതാണ്.

## 3-25 പാലിയേറ്റീവ് കെയർ- മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ (S0018/16) ഉൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിന് 70000/-രൂപ (ബിൽ നം.8/15-16/ 20.3.16-88092/-(ഗ്രോസ് തുക)) പിൻവലിച്ച് കാരുണ്യ മെഡിക്കൽസിൽ നൽകിയിട്ടുണ്ട്. എന്നാൽ 44306/- രൂപയുടെ മരുന്നുകൾ മാത്രമേ പ്രസ്തുത

സ്ഥാപനത്തിൽ നിന്ന് ലഭ്യമായിട്ടുള്ളൂ. തികച്ചും നിരാലംബരും അവശത അനുഭവിക്കുന്നവരുമായ പാലിയേറ്റീവ് കെയർ രോഗികൾക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിൽ കാണിക്കുന്ന അലംഭാവം മൂലമാണ് ഇപ്രകാരം സംഭവിച്ചത്. അവശേഷിക്കുന്ന 25494/-രൂപയുടെ മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-26 പാലിയേറ്റീവ് കെയർ- രേഖകൾ കൃത്യമായി സൂക്ഷിച്ചില്ല

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ ഭാഗമായി ഭവന സന്ദർശനത്തിന് ഉപയോഗിച്ചിരുന്ന വാഹനത്തിന്റെ വാടകയിനത്തിൽ 5600/-രൂപ മാസം തോറും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. ഭവന സന്ദർശനം നടത്തിയവർക്ക് ഭക്ഷണത്തിനായി 1600/- രൂപ മാസം തോറും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഭവന സന്ദർശനത്തിൽ എത്ര പേർ ഉൾപ്പെട്ടിരുന്നുവെന്നോ ഒരു ഭവന സന്ദർശനത്തിന്റെ ഭക്ഷണച്ചെലവ് എത്രയെന്നോ ഫയൽ പരിശോധിച്ചതിൽ വ്യക്തമല്ല. അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം നൽകിയിരുന്നെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ വാഹന വാടക ഇനത്തിൽ ആകെ ചെലവഴിച്ച 67200/-(5600*12) രൂപയും ഭവന സന്ദർശനം നടത്തിയതിന് ഭക്ഷണത്തിനായി ചെലവഴിച്ച 19200/- രൂപയും ഉൾപ്പടെ ആകെ 86400/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-27 നോൺ അവലൈബലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല

പ്രോജ.നം – എസ്.ഒ.110/16

അടങ്കൽ – 75,000 രൂപ

ചെലവ് – 75,000 രൂപ

ബിൽ നം.- 1/2015-16/12.2.16

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസർ നല്കുന്ന നോൺ അവലൈബലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിയ്ക്കണമെന്നത് പദ്ധതി രൂപീകരണ പ്രക്രിയയുടെ ആദ്യ നടപടിയാണ്. എന്നാൽ ഫയലിൽ ഇത് ലഭ്യമല്ലാത്തതിനാൽ എൻ.എ.സി ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.12/22.10.16 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. എൻ.എ.സി ഹാജരാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-28 മരാമത്ത് പദ്ധതികൾ:ഗുണഭോക്തൃസമിതിനിർവഹണം ചട്ടവും മാർഗനിർദേശവും പാലിക്കാതെ

പശ്ചാത്തല മേഖലയിൽ ഗുണഭോക്തൃസമിതികൾ നിർവഹിച്ച പദ്ധതികളിൽ മരാമത്ത് ചട്ടവും ഗുണഭോക്തൃസമിതി മാർഗനിർദേശവും വ്യാപകമായി ലംഘിക്കപ്പെട്ടു.

80പദ്ധതികളാണ് അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹിച്ചത്. 80പദ്ധതികളും ഗുണഭോക്തൃ സമിതികളാണ് നിർവഹിച്ചത്. ഇവക്ക് 21543358രൂപ ആകെ പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചു. ഇതിൽ 2185595രൂപ തനത് ഫണ്ട് കിഴിച്ച് 19357763രൂപ വികസനഫണ്ട്, ധനകാര്യകമ്മീഷൻ ഗ്രാന്റ്, സംരക്ഷണഗ്രാന്റ് എന്നീ സർക്കാർ ധനസഹായങ്ങളാണ്. കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടവും, 99ലെ ഗുണഭോക്തൃസമിതി മാർഗരേഖയും ലംഘിച്ചാണ് പ്രവൃത്തികൾ

പൂർത്തീകരിച്ചിട്ടുള്ളത്.

അപാകങ്ങൾ താഴെ വിവരിക്കുന്നു

1). ഗുണഭോക്തൃ സമിതിയുടെ പണമിടപാടുകൾ സംയുക്തബാങ്ക് അക്കൗണ്ട് വഴി വേണം. 80ഗുണഭോക്തൃ സമിതികളുടേയും ബാങ്ക് പാസ്ബുക്കുകൾ ഓഡിറ്റിന് ലഭിച്ചില്ല. ലഭ്യമായ മറ്റ് ചെലവ് രേഖകളിൽ നിന്നും പണമിടപാട് ബാങ്ക് പാസ് ബുക്ക് വഴിയല്ലെന്ന് വ്യക്തമാകുന്നു. കൺവീനർമാർക്ക് പണം നല്കിയത് ബാങ്കേഴ്സ് ചെക്കായാണ്. സർക്കാർ ധനവിനിയോഗ ഉത്തരവ് അനുസരിച്ച് പദ്ധതിചെലവ് അക്കൗണ്ടിലൂടെ മാത്രം മാറാവുന്ന ചെക്കായോ ഡി.ഡിയായോ നല്കണം. ഇത് ലംഘിച്ച് ആർക്കും മാറാവുന്ന ബാങ്കേഴ്സ് ചെക്കായി നല്കിയത് തന്നെ ബിനാമി കരാർ ഗുണഭോക്തൃ സമിതി നിർവഹണത്തിൽ വ്യാപകമായിരുന്നു എന്നതിന് തെളിവാണ്. പൊതുമരാമത്ത് ചട്ടങ്ങളിലെ 15(5)പ്രകാരം ബിനാമി ഇടപാട് ശിക്ഷാർഹമാണ്.

2). ഓഡിറ്റിന് ഹാജരാക്കിയ വർക്ക്ഫയലുകളിൽ ടാറിംഗ് വേലകളിൽ അസിസ്റ്റന്റ് എഞ്ചിനിയർ ആവശ്യമായ ടാറിന്റെ അളവ് നിർണയിച്ച് ഇന്റന്റ് നല്കിയിട്ടില്ല. ടാറിംഗ് വേലകളിൽ ടാറിംഗിന് സബ്കോൺട്രാക്ട് നല്കിയതിന്റെ രേഖകളില്ല. പ്ലാന്റ്, മെഷ്യനറി വാടക നല്കിയതിന്റെ രേഖകൾ, മസ്റ്റർ റോളുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

3). ചില ഗുണഭോക്തൃ സമിതികളുടെ ഫയലുകളിൽ കൺവീനർമാരുടെ തിരിച്ചറിയൽ രേഖയില്ല.

മേൽ അപാകങ്ങളും ബിനാമി കരാർ വ്യാപകമായിരുന്നു എന്നതിന്റെ തെളിവാണ്. ഈവിഷയം എക്സിറ്റ് കോൺഫറൻസിൽ വിഷയമാക്കിയിരുന്നു. ഗുണഭോക്തൃ സമിതി നിർവഹണത്തിൽ അപാകങ്ങൾ ഉണ്ടായതായി പ്രസിഡന്റും സമ്മതിച്ചു. അതിനാൽ 2015-16 ൽ പശ്ചാത്തല മേഖലയിൽ നിർവഹിച്ച മുഴുവൻ പദ്ധതികളും വിശദമായ അന്വേഷണത്തിന് വിഷയമാക്കേണ്ടതും ക്രമക്കേടുകൾക്ക് എതിരെ നിയമനടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-29 അതിർത്തികളിൽ സൈൻബോർഡ് സ്ഥാപിച്ചത്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 വർഷം സ്പിൽ ഓവർ പ്രോജക്ട് രൂപീകരിച്ച് ഗ്രാമ പഞ്ചായത്ത് അതിർത്തികളിൽ സൈൻ ബോർഡ് നിർമ്മിക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. 2010-11 വർഷം ഇതേ പ്രവർത്തി ചെയ്യുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് (പ്രോജ.നംS0073/11) നടപ്പാക്കിയിരുന്നു. പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട എം ബുക്ക് (നം.24A/10-11) പരിശോധിച്ചതിൽ പ്രവർത്തി 10.1.11 ൽ പൂർത്തീകരിച്ചതായി എഎക്സ്ഇ ചെക്ക് മെഷർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രവർത്തി പൂർത്തീകരിച്ചതിനുള്ള ചെലവായി അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീമതി ആനന്ദവല്ലിയ്ക്ക് 73979/-രൂപ (ചെക്ക് നം.2328164/25.8.15) നൽകിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാഷ് ബുക്കിൽ ഇപ്രകാരം ഒരു തുക വരവായി ചേർത്തിട്ടില്ല. 2010-11 ൽ പൂർത്തീകരിച്ച പദ്ധതിയുടെ ചെലവ് 4 വർഷങ്ങൾക്ക് ശേഷം നടത്തിയതിന് കാരണം വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/27.10.15) ഹാജരാക്കിയ മറുപടിയിൽ തനത് ഫണ്ടിന്റെ കുറവ് മൂലമാണ് തുക നേരത്തെ നൽകാതിരുന്നത് എന്നും കരാറുകാരനായ വി.എ.സാമുവൽ ആവശ്യപ്പെട്ടതിനാലാണ് ഇപ്പോൾ തുക നൽകിയത് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ കരാറുകാരന്റെ അപേക്ഷയോ തുക നൽകുന്നതിന് കമ്മറ്റി അനുമതി നൽകിയതിന്റെ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. എം ബുക്ക് പ്രകാരം 16 സൈൻബോർഡുകൾ സ്ഥാപിക്കുന്നതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഭൗതിക പരിശോധന നടത്തിയതിൽ ബോർഡുകൾ ഒന്നും തന്നെ കാണാൻ കഴിഞ്ഞില്ല. മാത്രമല്ല,മുൻ വർഷങ്ങളിൽ കരാറുകാരന് തുക നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിരുന്നുമില്ല. ഇക്കാരണങ്ങളാൽ പ്രോജക്ടിനായി ചെലവഴിച്ച 73979/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി

രണ്ടു മാസത്തിനകം ആവശ്യമായ രേഖകളും വിശദീകരണങ്ങളും നൽകിയില്ലായെങ്കിൽ ചെലവുതുക സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയാകുന്നതാണ്.

## 3-30 ടാർബാരൽ വില ഈടാക്കിയില്ല

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ ഗുണഭോക്തൃ സമിതി നിർവഹിച്ച ടാറിംഗ് വേലകളിൽ ഉപയോഗിച്ച ടാറിന്റെ ഒഴിഞ്ഞ ബാരൽ വില ഈടാക്കിയില്ല.

2014ലെ ഡിഎസ് ആർ നിരക്കുകൾ ആധാരമാക്കിയാണ് ടാറിംഗ് വേലകളുടെ എസ്റ്റിമേറ്റ് തയാറാക്കിയത്. പോട്ട് ഹോൾ ഫില്ലിംഗ്, സീൽകോട്ട്, ചിപ്പിംഗ് കാർപ്പറ്റ്, ടാക് കോട്ട് എന്നീ ടാർ ഉപയോഗ ഇനങ്ങൾക്ക് ടണ്ണിന് 50600രൂപ വിലയുള്ള വിജി10ടാർ(VG-10) ഉൾപ്പെടുത്തിയാണ് നിരക്ക് നിർണയിച്ചത്. മാർക്കറ്റ് റേറ്റ് നല്കുമ്പോൾ ഒഴിഞ്ഞ ടാർബാരൽ വില നികുതി ഉൾപ്പെടെ ഒന്നിന് 250രൂപ ഗുണഭോക്തൃസമിതി കൺവീനറിൽ നിന്ന് ഈടാക്കണമായിരുന്നു. താഴെ വിവരിക്കുന്ന വേലകളിൽ ഒഴിഞ്ഞ ടാർബാരൽ വില ഈടാക്കിയില്ല.

| പ്രോ.ന. പേര് | എം.ബുക്ക് നം, ആകെ മൂല്യം | കൺവീനർക്ക് നല്കിയ തുക | ബാങ്കേഴ്സ് ചെക്ക് നം. | ഉപയോഗിച്ച ടാറിന്റെ അളവ് | ഈടാക്കേണ്ടിയിരുന്ന ഒഴിഞ്ഞ ടാർബാരൽ വില |
|---|---|---|---|---|---|
| 86/16- | 32/15-16 427142 | 427142 | 878468/1.1.16 | 13 | 3250 |
| 24/16 | 10/15-16 458486 | 458486 | 881023/19.1.16 | 7 | 1750 |
| 116/16 | 36/15-16 | 162731 | 878977/10.2.16 | 8 | 2000 |
| 114/16 | 35/15-16 | 141057 | പകർപ്പ് സൂക്ഷിച്ചില്ല. | 6 | 1500 |
| 25/16 | 44/15-16 | 355739 | 598440/2.3.16 | 10 | 2500 |
| 128/16 | 56/15-16 | 1338287 | | 73 | 18250 |
| 36/16 | 1/15-16 | 443293 | 881010/19.1.16 | 10 | 2500 |
| 28/16 | 15/15-16 | 468283 | 878965/1.2.15 | 10 | 2500 |
| 19/16 | 38/15-16 | 455319 | 878967/1.2.16 | 14 | 3500 |
| 26/16 | 42/15-16 | 495904 | 881949/20.2.16 | 19 | 4750 |
| ആകെ | | | | | 42500 |

ഒഴിഞ്ഞ ടാർബാരൽ വില 42500രൂപ ഗുണഭോക്തൃസമിതി കൺവീനർമാരിൽ നിന്നോ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## **4-1** വാർഷിക കണക്ക് പരിശോധന - അപാകങ്ങൾ

1). എല്ലാ നികുതി ദായകരുടേയും വിവരങ്ങൾ ഉൾപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്തിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ പൂർണ്ണമായി തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കുമായി പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

2). ആസ്തി രജിസ്റ്റർ, പുതിയ ആസ്തികൾ ചേർത്ത് കാലികമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി, ആസ്തിയുടെ മൂല്യ ശോഷണം എന്നിവ കൃത്യമായി വിലയിരുത്തുവാൻ സാധിച്ചിട്ടില്ല.

4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4.മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവും തിരിച്ചടവുമില്ല.

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഇല്ല

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 31252006 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46531119 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3550/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 662460 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1872212 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 3550/- | | ബിജുകുമാർ.ആർ,സെക്രട്ടറി |
| 3-3 | | 255000/- | ശ്രീമതി. ജയലത.വി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | | 31585/- | ശ്രീമതി.ജയലത.വി, |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് സെക്രട്ടറി |
| 3-6(2) | | 27251/- | ശ്രീ. ബിജുകുമാർ.ആർ,<br>സെക്രട്ടറി |
| 3-16 | | 220000/- | ശ്രീമതി.അനന്തലക്ഷ്മി,<br>വെറ്ററിനറി സർജ്ജൻ |
| 3-17 | | 40000/- | ശ്രീ.സനൽചന്ദ്രബാബു,വി.ഇ.ഒ. |
| 3-18 | | 20000/- | ശ്രീ.വാവക്കുട്ടൻ,വി.ഇ.ഒ. |
| 3-19 | | 3750/- | ശ്രീ.വാവക്കുട്ടൻ,വി.ഇ.ഒ. |
| 3-21 | | 15400 | ശ്രീ.വാവക്കുട്ടൻ,വി.ഇ.ഒ. |
| 3-23 | | 6974/- | ശ്രീമതി.സുജാത,<br>പ്രധാനാധ്യാപിക<br>ശ്രീ.അനു സചേതനൻ,<br>സെക്രട്ടറി |
| 3-30 | | 42500/- | ശ്രീമതി.ലിജിയ രാജു,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 3550/- | 662460 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 152613/- | ശ്രീമതി.കനകമ്മ.ഡി, സെക്രട്ടറി |
| 3-7 | 125000/- | ശ്രീമതി.ജയലത.വി,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 87780/- | ശ്രീമതി.ജയലത.വി,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-15 | 41040/- | ഡോ.അനന്ത ലക്ഷ്മി,<br>വെറ്ററിനറി സർജ്ജൻ |
| 3-17 | 485400/- | ശ്രീ.സനൽചന്ദ്രബാബു, വി.ഇ.ഒ. |
| 3-20 | 440000/-<br>280000/- | ശ്രീ സനൽചന്ദ്രബാബു,വി.ഇ.ഒ.<br>ശ്രീ.വാവക്കുട്ടൻ,വി.ഇ.ഒ. |
| 3-23 | 100000/- | ശ്രീമതി.സുജാത, പ്രധാനാധ്യാപിക<br>ശ്രീ.അനു സചേതനൻ, സെക്രട്ടറി |
| 3-26 | 86400/- | ഡോ.അജീഷ് രാജ്,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി. |
| 3-29 | 73979/- | ശ്രീമതി.കനകമ്മ, സെക്രട്ടറി |

| | | |
|---|---|---|
| | | ശ്രീമതി.ആനന്ദവല്ലി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 1872212/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
3-6(4) വാറ്റ് 14826/- ക്ഷേമനിധിവിഹിതം 1023/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജയലത.വി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ചെറിയനാട് ഗ്രാമ പഞ്ചായത്ത് | വിജയഭവനം, വെട്ടിയാർ.പി.ഒ, ആലപ്പുഴ |
| ശ്രീമതി.സുജാത, പ്രധാനാധ്യാപിക | വിരമിച്ചു | നിഹാരിക, പുലിയൂർ. പി.ഒ, ചെങ്ങന്നൂർ |
| ശ്രീ.അനു സചേതനൻ, സെക്രട്ടറി | സെക്രട്ടറി, വിളൂര ഗ്രാമ പഞ്ചായത്ത്, തിരുവനന്തപുരം | പി.എൻ ആർ.എ, അമ്പലമുക്ക്, കവടിയാർ, തിരുവനന്തപുരം |
| ഡോ.അനന്തലക്ഷ്മി, വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ, വെറ്ററിനറി ഡിസ്പൻസറി, ചെറിയനാട് | നീലാംബരി, വെങ്കോട്, വെങ്കോട്.പി.ഒ, വട്ടപ്പാറ, തിരുവനന്തപുരം-28 |
| ശ്രീമതി ലിജിയ രാജു, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചെറിയനാട് ഗ്രാമപഞ്ചായത്ത് | ഗ്രീൻവില്ല കോട്ടേജ്, നീരാഴി ലെയ്ൻ, ഉള്ളൂർ, മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം |
| ശ്രീ.അജീഷ് രാജ്, മെഡിക്കൽ ഓഫീസർ | - | ആനന്ദ ഭവനം, കണ്ടിയൂർ, തട്ടാരമ്പലം പിഒ, കണ്ടിയൂർ |

| | | |
|---|---|---|
| ശ്രീമതി ആനന്ദവല്ലി, അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | വളയിക്കകത്ത്, എം.എസ്.എം.കോളജിന് കിഴക്കു വശം, കായംകുളം |
| ശ്രീമതി.കനകമ്മ.ഡി. സെക്രട്ടറി | സെക്രട്ടറി, ഏനാദിമംഗലം ഗ്രാമ പഞ്ചായത്ത് | തണ്ടളത്ത് വീട്, കണ്ണനാകുഴി.പി.ഒ, മാവേലിക്കര, ആലപ്പുഴ |
| ശ്രീ.ബിജുകുമാർ, സെക്രട്ടറി | സെക്രട്ടറി, ചെറിയനാട് ഗ്രാമപഞ്ചായത്ത് | അശോകവിലാസം, കിഴക്കുഭാഗം, ചിതറ.പി.ഒ, കൊല്ലം |
| ശ്രീ.വാവക്കുട്ടൻ.കെഎസ്, വി.ഇ.ഒ. | വി.ഇ.ഒ, ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് | കെ.എസ്.ഭവനം, ആതിനാട് സൗത്ത്, കാട്ടിൽക്കടവ്.പിഒ, കരുനാഗപ്പള്ളി-690542 |
| ശ്രീ.സനൽ ചന്ദ്രബാബു, വി.ഇ.ഒ. | - | മണപ്പുറത്ത് പുത്തൻ വീട്, കൊച്ചുകിളിക്കുട്ടിൽ, മീനങ്കൽ പിഒ, ആര്യനാട്, തിരുവനന്തപുരം |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97മുതൽ1998-99 വരെ(ചെലവ്) | എൽ.എഫ്.ജി.എ 5/1832 /11/24.01.12 |
| 1997-98(ഡി.സി.ബി), 2000-01മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ 5/1832 /11/24.01.12 |
| 2006-07മുതൽ 2007-08 വരെ | എൽ.എഫ്.ജി.എ 5/575/14 /06.05.14 |
| 2008-09 | എൽ.എഫ്.എ.പി.5/1511 /14/11.10.12/8.11.12 |
| 2009-10 | എൽ.എഫ്.എ.പി.5/1512/15 /17.05.11 |
| 2010-11&2011-12 | എൽ.എഫ്.എ.പി.5/712/14/8.7.14 /16.8.14 |
| 2012-13 | എൽ.എഫ്.എ.പി.5/429 /15/25.6.15 |

| | |
|---|---|
| 2013-14,2014-15 | കെ.എസ്.എ/എ.എൽ.പി/പി.5 /15/15.02.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി5-1243/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 09.11.2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഭാഗം 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P5-1243/2016

Kerala State Audit Department,

District Audit Office, Alappuzha.

Date: 09.11.2016

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Cheriyanad Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Cheriyanad Gramapanchayat for the year 2015-16 except the observations in Part IV-1 of my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha